

kusumammasika@gmail.com
www.facebook.com/balakusumam

# ബാല കുസുമം

2021 ഏപ്രിൽ    വില 10 രൂപ

പൂക്കാലം റമളാൻ

വിരുന്നുകാരൻ
വരുന്നല്ലോ

## വസന്തകാലം

നോമ്പോർമകൾ

വായിക്കുക!
വളരുക!!

അല്ലാമാ
മുഹമ്മദ് ഇഖ്ബാൽ

ബാല കുസുമം

പുസ്തകം 9
ലക്കം 2
2021 ഏപ്രിൽ

# പരലോകത്തെ കറൻസികൾ

ഒരിടത്ത് ഒരു വലിയ പണക്കാരനുണ്ടായിരുന്നു. കിട്ടാവുന്ന വഴിയിലൂടെയെല്ലാം അയാൾ ധാരാളം പണം സമ്പാദിച്ചു. സ്വന്തം ആവശ്യത്തിനു പോലും ചെലവഴിക്കാത്ത അയാൾ പിന്നെ മറ്റുള്ളവർക്ക് കൊടുക്കുന്ന കാര്യം പറയാനില്ലല്ലോ. ധാരാളം ഭൂമികൾ അയാൾ വാങ്ങിക്കൂട്ടി. വലിയ വലിയ കെട്ടിടങ്ങൾ പണിത് വാടകയ്ക്ക് കൊടുത്തു. ബാങ്കുകളിൽ അയാളുടെ പണം കുന്നുകൂടി. അങ്ങനെയങ്ങനെ അയാളുടെ പ്രായം കൂടി. ശരീരം ക്ഷീണിച്ചു. വേണ്ടവിധം കാര്യങ്ങളൊന്നും ചെയ്യാൻ കഴിയാതായി. ഇനി അധിക കാലമില്ല. താൻ മരിക്കാനായി എന്നയാൾക്ക് തോന്നിത്തുടങ്ങി.

അപ്പോഴാണ് അയാൾ ആലോചിക്കുന്നത്; എന്തിനായിരുന്നു ഈ പണമൊക്കെ സമ്പാദിച്ചത്? വാർധക്യസഹജമായ രോഗങ്ങളൊന്നും മാറ്റിത്തരാൻ ഈ പണത്തിന് കഴിയില്ല. തന്റെ പണം മുഴുവൻ കൊടുത്താലും ഒരു ദിവസമെങ്കിലും ആയുസ്സ് നീട്ടിത്തരാൻ ഒരാൾക്കും കഴിയില്ല. മരിച്ചുപോകുമ്പോൾ കുറച്ചു പണമെങ്കിലും കൊണ്ട് പോകാൻ കഴിയുമോ? കൊണ്ടുപോയാൽ തന്നെ അതുകൊണ്ട് വല്ല ഉപകാരവും ഉണ്ടാകുമോ?

ഇങ്ങന ഓരോന്നാലോചിച്ച് വിഷമിച്ചിരിക്കെയാണ് അയാളുടെ ഒരു അടുത്ത സുഹൃത്ത് കാണാൻ വന്നത്. സുഹൃത്തിനോടയാൾ സ്വകാര്യമായി ചോദിച്ചു: “എന്റെ ചങ്ങാതീ, കണക്കില്ലാത്തത്ര പണവും ഭൂമിയുമൊക്കെയുണ്ടല്ലോ എനിക്ക്. അതിൽ അല്പമെങ്കിലും മരിച്ചു പോകുമ്പോൾ കൊണ്ടു പോകാൻ കഴിയുമോ? അങ്ങനെ കൊണ്ടു പോയാൽ വല്ല കാര്യവുമുണ്ടാകുമോ?”


**BALA KUSUMAM**

Samastha Centre
Jafarkhan Colony
Calicut - 673006
Ph : 0495 2772 846, 47
kusumammasika@gmail.com

- പബ്ലിഷർ
  **പി. കുഞ്ഞഹമ്മദ്**
- ചീഫ് എഡിറ്റർ
  **മുഹമ്മദ് പാറന്നൂർ**
- എക്സിക്യൂട്ടീവ് എഡിറ്റർ
  **സി.പി ശഫീഖ് ബുഖാരി**
- എഡിറ്റർ
  **മുഹമ്മദ് ഇഖ്ബാൽ**
- ജനറൽ മാനേജർ
  **എ. മൊയ്തീൻ മടവൂർ**
- സർക്കുലേഷൻ
  **ശരീഫ് സഖാഫി എടയൂർ**
- ഇല്ലസ്ട്രേഷൻസ്
  **ശ്യാംദാസ്, സന്തു കരിമണ്ണൂർ**
- ഡിസൈൻ & ലേ-ഔട്ട്
  **അൻവർ സ്വാദിഖ് ബുഖാരി**


സുഹൃത്ത് ചിരിച്ചുകൊണ്ട് അയാളോടു പറഞ്ഞു: “കൊണ്ടു പോകാം. പക്ഷേ, അത് പരലോകത്ത് ഉപകരിക്കുന്ന നാണയമായിരിക്കണം. ഓരോ രാജ്യത്തിനും പ്രത്യേക കറൻസികളുണ്ടല്ലോ. അമേരിക്കയിൽ പോയാൽ ഡോളർ വേണം. അറേബ്യയിൽ പോയാൽ ദീനാർ വേണം. എങ്കിൽ മാത്രമേ നമുക്കത് ഉപകാരപ്പെടുകയുള്ളൂ. അതുപോലെ പരലോകത്തേക്കു പോകുമ്പോൾ അവിടെ ഉപയോഗിക്കുന്ന കറൻസി വേണം. നിങ്ങളുടെ ഈ സമ്പത്തൊക്കെ അവിടത്തെ കറൻസിയായി മാറ്റിയാൽ മതി.”

“അതെങ്ങനെ ചെയ്യും?” പണക്കാരൻ ആർത്തിയോടെ ചോദിച്ചു.

സുഹൃത്ത് പറഞ്ഞു: “ചങ്ങാതീ, താങ്കളുടെ സമ്പത്ത് നന്മയുടെ വഴിയിൽ ചെലവഴിക്കണം. പാവങ്ങൾക്കും കഷ്ടപ്പെടുന്നവർക്കും മറ്റു ആവശ്യക്കാർക്കും ഉദാരമായി ദാനം ചെയ്യണം. കുടുംബങ്ങളെ സഹായിക്കണം. അനാഥകളെ സംരക്ഷിക്കണം. ഇങ്ങനെ നല്ല ഉദ്ദേശ്യത്തോടെ സമ്പത്ത് ചെലവഴിച്ചാൽ മരിച്ചു ചെല്ലുമ്പോൾ അതൊക്കെ ആ ലോകത്തെ കറൻസിയായി താങ്കളു

ടെ കയ്യിലെത്തും. അതുപയോഗിച്ച് താങ്കൾക്കവിടെ സുഖമായി ജീവിക്കാം."

കൂട്ടുകാരേ, ഈ കഥയിൽ വലിയൊരു പാഠമുണ്ട്; പഠിച്ചു പഠിച്ചു നല്ലൊരു ജോലി നേടണം, ധാരാളം പണം സമ്പാദിക്കണം, സുഖജീവിതം നയിക്കണം എന്നൊക്കെയല്ലേ നമ്മിൽ അധിക പേരുടെയും വിചാരവും ആഗ്രഹവും. ജീവിതത്തിൽ ഇങ്ങനെ എന്തെങ്കിലുമൊരു ലക്ഷ്യമുണ്ടാകുന്നത് നല്ലതാണ്. അതോടൊപ്പം നമ്മുടെ കൈയ്യിലെത്തുന്ന ജോലിയും പണവും അധികാരവുമൊക്കെ മറ്റുള്ളവർക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള പരിശീലനവും കുട്ടിക്കാലത്തേ ആവശ്യമാണ്.

പണം ദാനം ചെയ്യാനൊന്നും നിങ്ങളുടെ കയ്യിൽ ഉണ്ടായെന്നു വരില്ല. എന്നാലും ഉള്ളതിലൊരംശം ദാനം ചെയ്യാമല്ലോ. നിങ്ങളൊരു കുപ്പി വെള്ളവുമായാണ് സ്കൂളിൽ പോയതെന്നു കരുതുക. ആ വെള്ളം മുഴുവൻ സ്വയം കുടിച്ചു തീർക്കാതെ കൂട്ടുകാരുടെ ദാഹവും തീർക്കാൻ ദാനം ചെയ്യാമല്ലോ. നിങ്ങൾ കൊണ്ടു പോയ പൊതിച്ചോറിൽ, ഭക്ഷണം കൊണ്ടുവരാത്ത മറ്റൊരു കുട്ടിയെയും പങ്കു ചേർക്കാമല്ലോ. നിങ്ങൾക്കു കിട്ടിയ ചോക്ലേറ്റിന്റെ ഒരു കഷ്ണം കൂട്ടുകാർക്കും നൽകാമല്ലോ. നിങ്ങൾ സഞ്ചരിക്കുന്ന വാഹനത്തിൽ



കൂട്ടുകാരെയും കയറ്റാമല്ലോ. നിങ്ങൾ ചൂടിയ കുടയുടെ ചുവട്ടിൽ നിർത്തി കൂട്ടുകാരേയും മഴ നനയാതെ കാക്കാമല്ലോ. ഒരു പെൻസിൽ, ഒരു പേന, ഒരു തുണ്ടു പേപ്പർ... ഇതൊക്കെ പല കൂട്ടുകാർക്കും ചിലപ്പോൾ അത്യാവശ്യമായി വരും. അപ്പോൾ അവരെ സഹായിക്കാമല്ലോ.

നിങ്ങൾക്കൊരു പക്ഷേ, ധാരാളം നല്ല വസ്ത്രങ്ങളുണ്ടാവാം. ആ കൂട്ടത്തിൽ പെരുന്നാളിനും മറ്റാഘോഷങ്ങൾക്കും പുതിയ വസ്ത്രങ്ങൾ വാങ്ങിത്തരുന്നുണ്ടാവാം. അപ്പോൾ നിങ്ങൾ നല്ല ഒരു വസ്ത്രം പോലുമില്ലാത്ത കൂട്ടുകാരെ ഓർക്കണേ. മാതാപിതാക്കളെ ഇത്തരം നന്മകൾക്കായി പ്രേരിപ്പിക്കാൻ നിങ്ങൾക്കു കഴിയുമല്ലോ.


ഇങ്ങനെ ദാനധർമ്മങ്ങൾ കുട്ടിക്കാലത്തേ ശീലിക്കണം. പണമൊരുപാട് ഉണ്ടായത് കൊണ്ട് വലിയ കാര്യമൊന്നുമില്ല. ആവശ്യക്കാരുടെ കൈകളിലെത്തണമത്. എന്നാൽ ലോകത്തിൽ സന്തോഷം നിറയും, ആശ്വാസമുണ്ടാകും. നന്മകൾ വർദ്ധിക്കും.



ഈ നന്മകളൊക്കെ പരലോകത്ത് നമുക്കു തുണയായി വരും. ആ ലോകത്ത് ഉപകരിക്കുന്ന കറൻസികളായി മാറും. കൂട്ടുകാർ ഇപ്പോഴേ ശ്രദ്ധിക്കണേ!


സഫർ
നോമ്പു തുറക്കാൻ ഇ നിയുമുണ്ടെടോ രണ്ടു മണിക്കൂറ്. നമുക്കി ത്തിരി കഥ പറയാം.
രസമുള്ള കഥ യെന്തെങ്കിലും പറയെടാ.
ദാ നോക്ക്, ഒരാള്, ഭൂമിക്ക് കാറ്റടിച്ചുകൊ ണ്ട് പോകുന്നു.
ഹ...ഹ... ഹ..ഹ...
അതാ അങ്ങോട്ട് നോക്ക്, ഒരുത്തൻ കുറുക്ക നെപ്പോലെ..
അല്ലെടാ, നനഞ്ഞ പൂച്ചയെ പോലെ
ഹ..ഹ... ഹ....
അതിനിടെ സഫർ അതുവഴി വരുന്നു.
അസ്സലാമു അലൈക്കും
വഅലൈ ക്കുമസ്സലാം.


എന്താ നിങ്ങളെല്ലാവരും കൂടി ഇവിടെ?
വെറുതെ ഓരോ തമാശ പറയാണ്.
നോമ്പു തുറക്കുന്നതു വരെ സമയം ഒപ്പിക്കണമല്ലോ.
അതു ശരി, അപ്പോ നിങ്ങളൊക്കെ നോമ്പു നോറ്റിട്ടുണ്ടല്ലേ?
പിന്നെ, നോമ്പു നോൽക്കാതിരിക്കാൻ പറ്റില്ലല്ലോ.
നോമ്പു നോറ്റുകൊണ്ടാണോ ഈ പരിപാടിയൊക്കെ?
നിങ്ങളിവിടെയിരുന്ന് പലരെയും കളിയാക്കുകയായിരുന്നില്ലേ?
അത്.... അത്.... വെറുതെ തമാശക്ക് പറഞ്ഞതല്ലേ?



തമാശക്കായാലും കാര്യത്തിനായാലും ഇത്തരം വർത്തമാനങ്ങളൊക്കെ വലിയ തെറ്റാണ്.
അതിനു മാത്രം ഞങ്ങളൊന്നും പറഞ്ഞില്ലല്ലോ.
ഇല്ലേ? നിങ്ങൾ ഇതുവഴി പോകുന്നവരെ പരിഹസിച്ചത് വലിയ തെറ്റാണ്. അത് പരദൂഷണവുമാണ്. ചീത്ത പറയലുമാണ്.
ങേ... അതൊക്കെ തെറ്റാണോ?
പിന്നല്ലാതെ, നോമ്പ് നോറ്റ് ഇത്തരം വർത്തമാനങ്ങൾ പറഞ്ഞാൽ നോമ്പിന്റെ കൂലിയുണ്ടാവില്ല. കുറ്റമുണ്ടാവുകയും ചെയ്യും. പട്ടിണി കിടക്കുന്നതു ലാഭം എന്നു വിചാരിച്ചാൽ മതി.
അങ്ങനെയോ?
അതേ, തിരുനബി(സ) പഠിപ്പിച്ചത് ഇങ്ങനെയാണ്. ചീത്ത പ്രവർത്തനങ്ങളും ദുഷിച്ച വർത്തമാനങ്ങളും ഒഴിവാക്കാത്തവർ നോമ്പു നോറ്റിട്ട് ഒരു കാര്യവുമില്ലെന്ന്.

പൂക്കാലം റമളാൻ

# ബാല്യകാലത്തിന്റെ നോമ്പോർമകൾ

ഇ.എം സുഫ്‌യാൻ

## മാസപ്പിറവി

മാസപ്പിറയുടെ വാർത്തക്ക് കാതോർത്ത് വല്യുപ്പയുടെ റേഡിയോയുടെ ചുറ്റും കുട്ടികൾ വട്ടം പിടിക്കും. കാപ്പാട് കടപ്പുറത്ത് പിറ കണ്ടുവെന്ന് കേൾക്കുമ്പോൾ മൊല്ലാക്ക കോളാമ്പി മൈക്കിൽ ചൊല്ലാൻ തുടങ്ങും : ‘അശ്ഹദു അൻ ലാ ഇലാഹ ഇല്ലല്ലാഹ്....’ കുട്ടികൾ ചേർന്ന് ദിക്റുകൾ ചൊല്ലും. വല്യുമ്മ പുൽപ്പായ വിരിച്ച് നിസ്കാരക്കുപ്പായമണിഞ്ഞ് ഖുർആൻ ഖത്തം ഓതാൻ തുടങ്ങും. വല്യുപ്പ മഞ്ഞവെളിച്ചമുള്ള ടോർച്ചുമെടുത്ത് തറാവീഹിന് പള്ളിയിലേക്ക് നേരത്തെയിറങ്ങും.

## തറാവീഹ്

ഇശാ ബാങ്കു വിളിച്ചാൽ അയൽപ്പക്കത്തെ കുട്ടികളെല്ലാം ചേർന്ന് ഇടവഴിക്കവലയിൽ ഒരുമിക്കും. വയൽ വരമ്പിലൂടെ



വരിയായി നടക്കും. ദൂരെ നിന്ന് കാണുമ്പോൾ മെഴുകുതിരി വിളക്കുകൾ മിന്നാമിനുങ്ങുകളായി തോന്നും. ചീവീടുകൾ ഒച്ച വെക്കും. പാറപ്പുറത്തെ നിസ്കാരപ്പള്ളിയിൽ പുതിയ പുൽപ്പായ വിരിച്ചു വെച്ചിട്ടുണ്ടാകും. വുളൂഅ് എടുത്ത് അകത്ത് കയറും. ഹദ്ദാദും ഇശാ നിസ്കാരവും കഴിഞ്ഞാൽ മൊല്ലാക്ക 'അസ്സ്വലാത്തു ജാമിഅ' എന്ന് വിളിക്കും. അപ്പോൾ എല്ലാവരും ചേർന്ന് സ്വലാത്ത് ചൊല്ലും. അണിയൊപ്പിച്ച് നിന്ന് തറാവീഹ് നിസ്കാരം തുടങ്ങും. ഇരുപത് റക്അത്താണ് തറാവീഹ്. മൂന്ന് റക്അത്ത് വിത്‌റുകൂടി കഴിയുമ്പോൾ കുഞ്ഞുകണ്ണുകൾ ഉറക്കം തൂങ്ങുന്നുണ്ടാകും. ആനന്ദത്തോടെ കൂട്ടുകാർക്കൊപ്പം വീട്ടിലേക്ക് തിരിക്കും. ഉമ്മ തരിക്കഞ്ഞി വിളമ്പി കാത്തിരിപ്പുണ്ടാകും. അത്താഴത്തിനെണീക്കാൻ വേഗം ഉറങ്ങും.



## അത്താഴം

നോമ്പെടുക്കാൻ പുലർച്ചെ സുബ്ഹി ബാങ്ക് വിളിക്കും മുമ്പ് ഉണരണം. അത്താഴം കഴിക്കണം. ചോറും കറിയും കൂട്ടാനുമെല്ലാം ഉമ്മ നേരത്തെ എണീറ്റ് തയ്യാറാക്കിയിട്ടുണ്ടാകും. ഉമ്മ വിളിക്കും. ഇത്തിരി മടിയോടെയാണെങ്കിലും എണീക്കും. വീട്ടുകാരെല്ലാം ചേർന്നിരുന്ന് ഭക്ഷണം കഴിക്കും. കുട്ടികൾക്കെല്ലാം ഇത്താത്ത നിയ്യത്ത് ചൊല്ലിത്തരും: "ഈ വർഷത്തെ അദാആയ, ഫർളായ, റമളാൻ മാസത്തിലെ നാളത്തെ നോമ്പിനെ അല്ലാഹുവിന് വേണ്ടി നോറ്റുവീട്ടുവാൻ ഞാൻ കരുതി." പിന്നെ മഗ്‌രിബ് ബാങ്ക് വിളിച്ചിട്ടേ വല്ലതും കഴിക്കാ



നാകൂ. ഉപ്പാക്കൊപ്പം തഹജ്ജുദ് നിസ്കരിച്ച് അല്പം ഖുർആൻ ഓതി പള്ളിയിലേക്ക് പോകും. മൊല്ലാക്ക ബാങ്ക് വിളിക്കും. "അല്ലാഹു അക്ബർ... അല്ലാഹു അക്ബർ...."

### ഖുർആനോത്ത്

റമളാനിൽ ഖുർആനോതുന്നോർക്ക് പടച്ചോൻ പെരുത്ത് കൂലി തരുമെന്ന് മുത്ത് നബി(സ) പറഞ്ഞിട്ടുണ്ടെന്ന് വല്യുപ്പ പറഞ്ഞു തന്നു. ഖുർആൻ അവതരിച്ച മാസമാണ് റമളാൻ. ഖുർആൻ മുപ്പത് ജുസ്ഉകൾ പൂർണമായി ഓതിയാൽ ഒരു ഖത്തം ആകും. കുട്ടികൾ പള്ളിയിൽ ഇഅ്തികാഫിരുന്ന് മത്സരിച്ച് ഓതും. മദ്റസയിൽ ഹിസ്ബോത്തുണ്ടാകും. സദറുസ്താദ് എല്ലാവരെയും ഓത്ത് പഠിപ്പിക്കും. ഖുർആനിലെ കഥകൾ പറഞ്ഞു തരും. ഇരുപത്തേഴാം രാവിന് ഖത്തം തീരുമ്പോൾ ചീര്ണിയുണ്ടാകും. അന്ന് ഉസ്താദിന് കുട്ടികൾ പെരുന്നാൾ പൈസ കൊടുക്കും.

### നോമ്പുതുറ

മഗ്രിബിന് മൊല്ലാക്ക ബാങ്കുവിളിക്കുന്നതും കാത്ത് നി

മിഷങ്ങളെണ്ണി കാത്തിരിക്കും. നോമ്പുകാരന് രണ്ട് സന്തോഷമുണ്ടെന്നല്ലേ മുത്ത് നബി(സ) പഠിപ്പിച്ചത്; ഒന്ന് നോമ്പുതുറക്കുന്നതിലെ സന്തോഷം. രണ്ട്, സ്വർഗീയ ലോകത്ത് അല്ലാഹുവിനെ കണ്ടുമുട്ടുന്നതിലെ സന്തോഷം. റമളാൻ ആഗതമാകുന്നതോടെ നോമ്പുതുറകൾ തകൃതിയാകും. ഈത്തപ്പഴവും നാരങ്ങാ വെള്ളവും തണ്ണി മത്തനുമൊക്കെയായി പള്ളിയിൽ വിഭവങ്ങൾ ഒരുങ്ങും. വീട്ടിൽ ഇത്താത്തയും ഉമ്മയും ചേർന്ന് പത്തിരിയുണ്ടാക്കും. ചില ദിവസങ്ങളിൽ എണ്ണയിൽ പൊരിച്ച പലഹാരങ്ങളുമുണ്ടാകും. വൈകുന്നേരങ്ങളിൽ വീടിന്റെ അടുക്കള സജീവമാകും. പാചകങ്ങളിൽ കുട്ടികളും പങ്കു ചേരും. ബാങ്കു വിളിക്കുമ്പോഴേക്ക് വല്യുപ്പ എല്ലാവർക്കും ഈത്തപ്പഴം വീതിക്കും. ബാങ്കുവിളി കേട്ടാൽ വിഭവസമൃദ്ധമായ മേശക്ക് ചുറ്റുമിരുന്ന് നോമ്പുതുറക്കും. 'അല്ലാഹുമ്മ ലക സുംതു...' ഈ ദിക്ർ നോമ്പുതുറന്ന ഉടൻ പറയണം. 'അല്ലാഹുവേ, നിനക്കു വേണ്ടി ഞാൻ നോമ്പെടുത്തു. നീ തന്ന ഭക്ഷണം കൊണ്ട് നോമ്പ് അവസാനിപ്പിച്ചു' എന്നാണ് അതിന്റെ അർത്ഥം. പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്ന സമയമാണതെന്ന് ഉപ്പ പറഞ്ഞിരുന്നു.

## ബദ്ർ നേർച്ച

റമളാൻ പതിനേഴിനായിരുന്നു ചരിത്രപ്രസിദ്ധമായ ബദ്ർ യുദ്ധം നടന്നത്. ആയിരക്കണക്കിന് ശത്രുക്കളെ മലക്കുകളുടെ അകമ്പടിയോടെ 313 സ്വഹാബാക്കൾ പരാജയപ്പെടുത്തിയ ദിനം. ബദരീങ്ങളെ അനുസ്മരിക്കുകയും അവരുടെ മൗലിദോതുകയും ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ കാവൽ ലഭിക്കും. പള്ളികളിലും വീടുകളിലും മൗലിദോതും. എല്ലാ വീടുകളിൽ നിന്നും ഒരു പിടി പത്തിരി പള്ളിയിൽ കൊണ്ടുപോകും. അതും പോത്തിറച്ചിക്കറിയും ആളെണ്ണം പറഞ്ഞ് വീടുകളിലേക്ക് കൊണ്ടു പോകും. അന്ന് നോമ്പുതുറക്ക് എല്ലാ വീടുകളിലും നേർച്ചയിറച്ചിയുണ്ടാകും. *'ബദ്രീങ്ങളെ ബറകത്തിനാൽ എമ്മൈ കാക്കണം യാ റബ്ബനാ.....'* ബദ്ർ

ബൈത്തിന്റെ ഈരടികൾ പാടി വല്യുമ്മ കഥകൾ പറയും.

**ലൈലത്തുൽ ഖദ്ർ**

റമളാനിലെ അവസാന പത്തിലാണ് ആയിരം മാസങ്ങളെക്കാൾ പുണ്യമേറിയ ഖദ്റിന്റെ രാവ്. ഖുർആൻ ഇറങ്ങിയ രാവാണത്. അന്ന് മലക്കുകൾ കൂട്ടമായി ഭൂമിയിലേക്കിറങ്ങും.

പൂക്കാലം റമളാൻ

# വസന്തകാലം

റയ്യാൻ തുറക്കുന്ന
നോമ്പുകാലം
കാരുണ്യം പെയ്യുന്ന
കൊയ്ത്തുകാലം

ത്യാഗക്കഥകൾ
നമുക്ക് നൽകും
ബദ്റിന്റെ ചരിതം
നിറഞ്ഞ മാസം

ആയിരം മാസത്തി
ലുത്തമമാം
ഖദ്റിന്റെ രാവുള്ള
പുണ്യ മാസം

റമളാൻ വസന്തം
വിരിഞ്ഞിടുമ്പോൾ
നന്മകൾ ചെയ്തിടാം
ഏറെയേറെ



**റൈഹാൻ**

പുലരുവോളം കാവലേകും. ആണുങ്ങളെല്ലാവരും പള്ളിയിൽ ഇഅ്തികാഫിരിക്കും. ഉസ്താദിന്റെ മതപഠന ക്ലാസുകൾ കേൾക്കും. അന്ന് ഉമ്മ നെയ്യപ്പം ചുടും. പല വിധത്തിലുള്ള അപ്പങ്ങൾ പരസ്പരം പങ്കുവെക്കും. മരണപ്പെട്ടവരെ സിയാറത്ത് ചെയ്ത് ദുആ ചെയ്യും. ഖുർആൻ പാരായണവും തസ്ബീഹ് നിസ്കാരവുമൊക്കെയായി ഇരുപത്തേഴാം രാവിനെ ആരാധനകൾ കൊണ്ട് ധന്യമാക്കും. ഉസ്താദ് തൗബ ചൊല്ലിത്തരും. എല്ലാവരും ആത്മാർത്ഥതയോടെ ഏറ്റുചൊല്ലും. കണ്ണുകൾ നിറഞ്ഞൊഴുകും.

## ചെറിയ പെരുന്നാൾ

പെരുന്നാളിനണിയാൻ പുത്തൻ വസ്ത്രം വാങ്ങി വെച്ചിട്ടുണ്ടാകും. വാങ്ങുമ്പോൾ ഉപ്പ രണ്ട് കൂട്ടം വസ്ത്രങ്ങൾ കൂടുതലെടുക്കും. അയൽപക്കത്തെ പാവപ്പെട്ട മക്കൾക്ക് നൽകും. 'ഇതൊക്കെയാണ് മോനേ പെരുന്നാള്' എന്ന് പറയും. ശവ്വാലമ്പിളി കണ്ട വിവരം ലഭിച്ചാൽ പള്ളി മിനാരങ്ങളിൽ നിന്നും വീടുകളിൽ നിന്നും തക്ബീർ ധ്വനികൾ മുഴങ്ങും. 'അല്ലാഹു അക്ബർ... അല്ലാഹു അക്ബർ... അല്ലാഹു അക്ബർ..... ലാ ഇലാഹ ഇല്ലല്ലാഹു അല്ലാഹു അക്ബർ..... അല്ലാഹു അക്ബർ വലില്ലാഹിൽ ഹംദ്.' നേരത്തെ കീസുകളിൽ നിറച്ച ഫിത്ർ സകാത്തിന്റെ അരിയുമായി കുട്ടികൾ അയൽ വീടുകളിലേക്ക് നീങ്ങും. വർണ വിളക്കുകൾ വെച്ച് പൂമുഖം അലങ്കരിക്കും. ഇത്താത്ത കൈകളിൽ മൈലാഞ്ചിയിടും. പെരുന്നാൾ ദിനത്തിൽ നേരത്തെ എണീറ്റ് കുട്ടികളെല്ലാം പുത്തനുടുപ്പണിഞ്ഞ് അത്തറു പൂശി പള്ളിയിലേക്കിറങ്ങും. 'ഈദുൻ സഈദ്... ഈദ് മുബാറക്... തഖബ്ബലല്ലാഹു മിന്നാ വ മിൻകും' എന്നൊക്കെ പരസ്പരം പെരുന്നാൾ ആശംസകൾ നേരും. കൂട്ടുകാരുടെയും കുടുംബക്കാരുടെയും വീടുകളിൽ കയറി ആശംസകൾ പങ്കുവെക്കും. എല്ലാവരെയും വീട്ടിലേക്ക് ക്ഷണിക്കും. പെരുന്നാൾ വിശ്വാസികൾക്ക് സന്തോഷത്തിന്റെ ദിനമാണ്; ആഘോഷത്തിന്റെയും.

**അബ്ദുസ്സലാം മണ്ണാർക്കാട്**

*Reading makes a full man -*
*Francis bacon*

പ്രിയപ്പെട്ട കുട്ടികളേ, വായിച്ച് വളർന്നാൽ വിളയും. വായിക്കാതെ വളർന്നാൽ വളയും. പുസ്തകങ്ങൾ നമ്മുടെ കൂട്ടുകാരാണ്. വിശ്വപ്രസിദ്ധനായ ഇഗ്ലീഷ് സാഹിത്യകാരനായിരുന്നു വില്ല്യം ഷേക്സ്പിയർ. അദ്ദേഹത്തിന്റെ ജന്മദിനമായ ഏപ്രിൽ 23 നാണ് ലോക പുസ്തക ദിനം. വായനയെ പ്രോത്സാഹിപ്പിക്കുന്നതിനും പുസ്തക പ്രസാധനം സജീവമാക്കുന്നതിനും ലോക പുസ്തകദിനാചരണം നടത്തുന്നു. 1995 മുതൽ UNESCO യുടെ തീരുമാന പ്രകാരം ഏപ്രിൽ 23 ലോക പുസ്തക ദിനമായും പകർപ്പവകാശ ദിനമായും ആചരിക്കുന്നു.

## വില്ല്യം ഷേക്സ്പിയർ

എലിസബത്ത് രാജ്ഞിയുടെ ഭരണകാലത്ത് ഇംഗ്ലണ്ടിൽ സാഹിത്യ രംഗത്ത് ശ്രദ്ധേയമായ മുന്നേറ്റമുണ്ടായി. വില്ല്യം ഷേക്സ്പിയർ ഈ കാലഘട്ട

# വായിക്കുക വളരുക

**ഏപ്രിൽ 23 – ലോകപുസ്തകദിനം**





ത്തിലെ ബഹുമുഖ പ്രതിഭയായിരുന്നു.

രാജ്ഞിയുടെ കൊട്ടാരത്തിൽ കവികളും കലാകാരന്മാരും ആദരിക്കപ്പെട്ടിരുന്നു. ഷേക്സ്പിയർ മികച്ച നാടകകൃത്ത്, കവി എന്നീ നിലകളിൽ പ്രസിദ്ധനായി. അദ്ദേഹം വിശ്വപ്രസിദ്ധമായ 37 നാടകങ്ങളും 154 സോണറ്റുകളും (ഗീതകങ്ങൾ) രചിച്ചിട്ടുണ്ട്.

### കേരളവും ഗ്രന്ഥശാലാ പ്രസ്ഥാനവും

കേരളത്തിൽ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച പി എൻ പണിക്കരുടെ ചരമ ദിനമായ ജൂൺ - 19 കേരള സർക്കാർ വായനാദിനമായി ആചരിക്കുന്നു.

കുട്ടനാട്ടിൽ ജനിച്ച അദ്ദേഹം ചെറുപ്പം തൊട്ടേ നല്ല വായനക്കരനായിരുന്ന അദ്ദേഹം താൻ മാത്രം വായിച്ച് മനസ്സിലാക്കിയാൽ പോരാ - മറ്റുള്ളവരെക്കൂടി അത് മനസ്സിലാക്കിക്കണമെന്ന് ആഗ്രഹിച്ചു. വീട്ടിലെത്തുന്നവർക്കദ്ദേഹം പത്രം ഉറക്കെ വായിച്ച് കേൾപ്പിക്കുമായിരുന്നു. അദ്ദേഹം നേതൃത്വം നൽകിയ സാക്ഷര ജാഥയിൽ മുഴങ്ങിക്കേട്ട വരികൾ താഴെ കൊടുക്കുന്നു:

‘അറബിക്കടലിനെ
വെല്ലാനും
പാറ കിളച്ചു
മറിക്കാനും
കഴിവുള്ളോരേ
സോദരരേ,
അക്ഷര വിദ്യ
പഠിച്ചോളൂ.’

### വായനയെക്കുറിച്ച് ശ്രദ്ധേയമായ വാക്കുകൾ

1. വ്യായാമം ശരീരാരോഗ്യത്തിനെന്ന പോലെ വായന മാനസികാരോഗ്യത്തിന് അനിവാര്യമാണ് - റിച്ചാർഡ് ഷീലെ

2. പുസ്തകം പോലെ വി

## മോഹം

മോഹം പലതുണ്ടെന്നാലും
എല്ലാം നടക്കണമെന്നില്ല
നല്ലതു വല്ലതുമാണെങ്കിൽ
നടത്താൻ കിണഞ്ഞു ശ്രമിക്കേണം
ചീത്തതു വല്ലതുമാണെങ്കിൽ
ഉടനെത്തട്ടിക്കളയേണം

**പി. വി. എസ് പടിക്കൽ**

ശ്വസ്തനായ മറ്റൊരു സുഹൃത്തില്ല – ഹെമിംഗ് വേ

3. വായനയുടെ അനിവാര്യത ഞാൻ മനസ്സിലാക്കുന്നു. പുസ്തകങ്ങൾക്കിടയിൽ വളർന്നു വരാത്തവന് വലിയ നഷ്ടമാണ് സംഭവിച്ചിരിക്കുന്നത് – എബ്രഹാം ലിങ്കൺ

4. വായിക്കാൻ പരിശീലിക്കുന്നത് തീ കത്തിക്കുന്നത് പോലെയാണ്. ഓരോ വാക്കുച്ചരിക്കുന്നതും തീപ്പൊരിയാണ് – വിക്ടർ ഹ്യൂഗോ

5. കുട്ടികൾക്ക് വായന പരിശീലിക്കുമ്പോഴവർ പുതിയ ലോകത്തേക്ക് പറന്നുയരുകയാണ്; ചെറു പക്ഷികൾ നിഷ്പ്രയാസം ആകാശത്തേക്ക് പറന്നുയരുന്നത് പോലെ – വില്ല്യം ജെയിംസ്

6. പുസ്തകങ്ങളില്ലാത്ത വീട് ജനാലകളില്ലാത്ത മുറി പോലെയാണ് – ഹെൻറിച്ച്

7. വായനാശീലമുള്ള കുടുംബത്തെ കാണിച്ചുതരൂ; ലോകത്തെ ചലിപ്പിക്കുന്ന ആളുകളെ കാണിച്ചു തരാം – നെപ്പോളിയൻ ബോണപ്പാട്ട്

8. ഇന്നത്തെ വായനക്കാരൻ നാളെ മികച്ച നേതാവായി മാറുന്നു – മാർഗരറ്റ് ഫുള്ളർ

9. നിങ്ങൾ വായന പരിശീലിച്ചാൽ എക്കാലവും നിങ്ങൾ സ്വതന്ത്രനായിരിക്കും – ഫ്രെഡറിക് ഡഗ്ലാസ്

5

## മുത്ത്നബിയുടെ കൂട്ടുകാരൻ

# ആദ്യത്തെ വിശ്വാസി

ജുനൈദ് വിളയിൽ

അതാ വരുന്നു അൽഅമീൻ... നല്ല മധ്യസ്ഥൻ. കാത്തിരുന്ന കണ്ണുകളിൽ കുളിരു നിറഞ്ഞു. അൽഅമീനു മുമ്പിൽ അവർ പ്രശ്നങ്ങളവതരിപ്പിച്ചു. എല്ലാം കേട്ടു കഴിഞ്ഞ് അൽ അമീൻ പറഞ്ഞു:

"നിങ്ങൾ ഒരു തുണി കൊണ്ടുവരൂ."

അൽ അമീനിന്റെ നിർദ്ദേശമനുസരിച്ച് അവർ വലിയൊരു തുണി കൊണ്ടുവന്നു. അൽ അമീൻ ഹജറുൽ അസ്‌വദ് അതിൽ എടുത്തുവെച്ച് ഓരോ കുടുംബ നേതാക്കളോടും ഓരോ വശം പിടിക്കാൻ ആവശ്യപ്പെട്ടു.

അപ്രകാരം അവർ ഉയർത്തിയപ്പോൾ അൽ അമീൻ അത് യഥാർത്ഥ സ്ഥാനത്ത് പ്രതിഷ്ഠിച്ചു.

എന്തൊരാശ്വാസം.

എല്ലാവരും സംതൃപ്തരായി.

ഒരിറ്റു രക്തം ചിന്താതെ വലിയൊരു ദുരന്തത്തിൽ നിന്നു മക്കയെ രക്ഷിച്ചതുപോലെ, അന്ധവിശ്വാസത്തിന്റെ അന്ധകാരത്തിൽ നിന്നും അൽഅമീൻ ജനങ്ങളെ കരകയറ്റുമെന്ന് അബൂബക്കർ അന്നാഗ്രഹിച്ചത് ഇന്നിതാ സഫലമാകാൻ പോവുകയാണോ? നന്മ നിറഞ്ഞ ആലോചനകൾ മനസ്സിലിട്ട് അബൂബക്കർ വീട്ടിലേക്ക് നടന്നു.

*** *** ***

വലിയൊരു യാത്ര കഴിഞ്ഞു വന്നതാണ്. വീട്ടുകാരോട് കുശലം പറഞ്ഞും സന്തോഷങ്ങൾ പങ്കിട്ടും അൽഅമീന്റെ വീട് ലക്ഷ്യമാക്കി അബൂബക്കർ നടന്നു. വാതിലിൽ മുട്ടി. ആത്മ സുഹൃത്ത് അബൂബക്കറാണെന്നറിഞ്ഞപ്പോൾ മുത്ത് നബിയുടെ മനം നിറഞ്ഞു. ഖദീജാബീവിയോട് പറഞ്ഞു

"ഖദീജാ, അതീഖ് വന്നിരിക്കുന്നു."

പരസ്പരം ആലിംഗനം ചെയ്ത് സ്നേഹബന്ധം പുതുക്കി. കുശലാന്വേഷണത്തിനു ശേഷം അബൂബക്കർ ജിജ്ഞാസയോടെ ചോദിച്ചു:

"ആളുകൾ അങ്ങയെ പറ്റി പറയുന്നത് ശരിയാണോ?"

"അവരെന്താണ് പറയുന്നത്?"

അബൂബക്കർ എല്ലാം വിശദീകരിച്ചു.

"എന്നിട്ട് താങ്കൾ എന്താ അവരോട് പറഞ്ഞത്?"

"അദ്ദേഹം അങ്ങനെ പറഞ്ഞെങ്കിൽ പൂർണ്ണമായും സത്യമായിരിക്കും."

അബൂബക്കറിന്റെ മറുപടി മുത്ത് നബിയെ വല്ലാതെ സന്തോഷിപ്പിച്ചു. സന്തോഷത്താൽ തിരുവദനം പ്രസന്നമായി. അബൂബക്കറിനെ ഹൃദയത്തോട് ചേർത്തു നിറുത്തി നെറ്റിയിൽ ചുംബനങ്ങൾ നൽകിയതിനു ശേഷം നബി(സ) ഹിറാ ഗുഹയിൽ ജിബ്രീൽ(അ) വന്നതും ഓതിക്കേൾപ്പിച്ചതും വിശദീകരിച്ചു.

അബൂബക്കർ മുത്ത് നബിയുടെ കൈകൾപുണർന്നു:

"സ്നേഹിതാ, അങ്ങ് സത്യം പറയുന്നവനും വിശ്വസ്തനുമാണ്. അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹ് വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്."

പിന്നീട് വിശ്രമമില്ലാത്ത നാളുകളായിരുന്നു.

അതീഖ് ഇസ്ലാമിക പ്രഭ ഖുറൈശികൾക്കിടയിൽ വിതറാൻ തുടങ്ങി. പ്രമുഖരുടെ വീടുകൾ കയറിയിറങ്ങി. ഇസ്ലാമിനെ അവർക്ക് പരിചയപ്പെടുത്തി. ചിലർ നിരസിച്ചു. ചിലർ സ്വീകരിച്ചു.

പ്രഗത്ഭരായ ഉസ്മാനുബ്നു അഫാൻ, സുബൈറുബ്നു അവ്വാം, അബ്ദുറഹ്മാനുബ്നു ഔഫ്, സഅദുബ്നു അബീ വഖാസ്, ത്വൽഹത്തുബ്നു ഉബൈദില്ല എന്നിവർ അദ്ദേഹം വഴിയാണ് ഇസ്ലാം സ്വീകരിച്ചത്.

ഒരിക്കൽ മുത്തു നബി(സ) തങ്ങൾ പറഞ്ഞു: "നമുക്ക് കടപ്പാടുള്ള ആർക്കും നാം പ്രതിഫലം നൽകാതിരുന്നിട്ടില്ല; അബൂബക്കറിനൊഴിച്ച്. അദ്ദേഹത്തോട് എനിക്ക് ചില കടപ്പാടുകളുണ്ട്. അതിന് അ

ന്ത്യനാളിൽ അല്ലാഹു പ്രതിഫലം നൽകും.”

*** *** ***

കാലങ്ങൾ കടന്നുപോയി

മക്കയുടെ മണ്ണിൽ ഇസ്‌ലാം രഹസ്യമായി പ്രചരിച്ചുകൊണ്ടിരിക്കുന്ന കാലം, സത്യനിഷേധികൾ അതിക്രൂരമായാണിപ്പോൾ വിശ്വാസികളോട് പെരുമാറുന്നത്. പലരും നാടുവിടാൻ നിർബന്ധിക്കപ്പെട്ടിരിക്കുന്നു. പെറ്റു വീണ നാടുവിട്ടകലുന്നത് എന്ത് വേദനയാണ്! ദുഃഖഭാരം ഹൃദയത്തിലേറ്റി അബൂബക്കറും ഒട്ടകപ്പുറത്ത് കയറി യാത്ര തുടങ്ങി. വെയിലിന്റെ സൂചിക്കുത്തുകളേറ്റുവാങ്ങി രണ്ട് ദിവസം പിന്നിട്ട് ബിർകുൽ ഇമാദിലെത്തി. അപ്പോഴാണ് ഗോത്രത്തലവനായ ഇബ്നുദുഗ്നയെ കാണുന്നത്.

“അബൂബക്കർ, എങ്ങോട്ടാണീ യാത്ര.”

“ഏകനായ അല്ലാഹുവിനെ ആരാധിക്കാൻ സ്വാതന്ത്ര്യമുള്ള ഒരു മണ്ണ് തേടിയിറങ്ങിയതാണ്.”

അബൂബക്കർ മറുപടി നൽകി.

മക്കയിലെ കടുത്ത പീഡനങ്ങൾ ഇബ്നു ദുഗ്ന മനസ്സിലാക്കി.

“നിങ്ങളെ നാട്ടുകാർ പുറത്താക്കിയെന്നോ? അത്ഭുതം തന്നെ! അവരെന്തിനിതു ചെയ്തു?

സൽ സ്വഭാവി, നാട്ടുകാർക്ക് സേവനം ചെയ്യുന്നവൻ, വിഷമിക്കുന്നവന്റെ ആശ്വാസ തീരം, പാവങ്ങളുടെ കണ്ണീരൊപ്പുന്നയാൾ.

“നിങ്ങൾ വരൂ, നമുക്ക് മക്കയിലേക്ക് തിരിച്ചു പോകാം നിങ്ങൾക്കുള്ള സംരക്ഷണം ഞാനേറ്റെടുക്കാം.”

അബൂബക്കർ ആ വാക്കുകൾ സ്വീകരിച്ചു. അവർ പരിശുദ്ധ ഭൂമിയിലെത്തി.

ഇബ്നുദുഗ്ന വിളിച്ചു പറഞ്ഞു:

“ജനങ്ങളേ, ഞാൻ അബൂബക്കറിന് സംരക്ഷണം നൽകിയിരിക്കുന്നു. ഇനി ഒരാളും അപമര്യാദയായി അദ്ദേഹത്തോട് പെരുമാറരുത്.” മനസ്സില്ലാ മനസ്സോടെയാണെ

ങ്കിലും അവർ സമ്മതം നൽകി. അബൂബക്കർ ഇലാഹി സ്മരണയിൽ അലിഞ്ഞു ചേർന്നു. വീടിനകത്തുനിന്ന് നിസ്കരിക്കുകയും ഖുർആൻ പാരായണം ഈണത്തിലോതുകയും ചെയ്തു.

ഈണത്തിലുള്ള പാരായണം കേൾക്കാൻ ഓരോ ദിവസവും കുട്ടികളും സ്ത്രീകളും വന്നുതുടങ്ങി. ദിനങ്ങൾ കഴിയും തോറും ശ്രോതാക്കളുടെ എണ്ണവും വർദ്ധിച്ചു കൊണ്ടിരുന്നു. നമ്മുടെ ഭാര്യമാർ പോലും വിട്ടു പോകുമെന്നുള്ള ഭയം ഖുറൈശികളെ വല്ലാതെ തളർത്തി. ഒഴുക്ക് നിറുത്താൽ പലതും ചെയ്തു നോക്കി. പരിഹാരമാവുന്നില്ലെന്നു കണ്ടപ്പോൾ ഖുറൈശികൾ ഇബ്നുദുഗ്നയെ തേടിയെത്തി.

"സഹോദരാ, നിങ്ങൾ അബൂബക്കറിനു നൽകിയ സംരക്ഷണം തിരിച്ചെടുക്കണം. നമ്മുടെ ഭാര്യമാരും മക്കളും അവന്റെ ആരാധനയിൽ ആകൃഷ്ടരാകുന്നു."

ഖുറൈശികൾ പരാതി പറഞ്ഞു കൊണ്ടിരുന്നു. ഇതറിഞ്ഞ മാന്യനായ അബൂബക്കർ ഇബ്നുദുഗ്നയെ വിഷമിപ്പിക്കേണ്ടെന്ന് കരുതി സംരക്ഷണം വേണ്ടെന്നുവച്ചു.

ഇതിനിടയിലാണ് സത്യവിശ്വാസം പരസ്യമാക്കണമെന്ന് അബൂബക്കറിന് അടങ്ങാത്ത ആഗ്രഹമുണ്ടായത്. സത്യവിശ്വാസികളായി ആകെ 39 പേർ മാത്രം. നബി(സ)യും ഏതാനും അനുചരും കഅബക്കരികിലിരിക്കുകയാണ്.

"നിങ്ങൾ സത്യമതത്തിലേക്ക് വരൂ, അല്ലാഹുവിനെയാണ് നിങ്ങൾ ആരാധിക്കേണ്ടത്." ഖുറൈശികളുടെ കർണ്ണപുടങ്ങളിലേക്ക് അബൂബക്കറിന്റെ വാക്കുകൾ തുളച്ചു കയറി. തൗഹീദിന്റെ വചനങ്ങളടങ്ങിയ പ്രസംഗം തീരും മുമ്പ് ശത്രുക്കൾ ചീറിയടുത്തു. അബൂബക്കറിനെ അതി ക്രൂരമായി മർദ്ദിക്കാൻ തുടങ്ങി.

കുത്തിയും തൊഴിച്ചുമവർ അദ്ദേഹത്തെ അവശനാക്കി. കൂട്ടത്തിൽ മല്ലനായ ഉത്ബത്ത് ബിനു അബീറബീഅ ചെരുപ്പ് ധരിച്ച കാൽകൊണ്ട് ആഞ്ഞു ചവിട്ടി. ചവിട്ടിന്റെ ആഘാതത്തിൽ അബൂബക്കർ ബോധരഹിതനായി നിലത്തു വീണു. അതോടെ അബൂബക്കറിന്റെ കുടുംബം രംഗത്തു വന്നു. അ



വർ പറഞ്ഞു: “അറിഞ്ഞിരിക്കു
ക, അബൂബക്കറെങ്ങാനും മ
രിച്ചാൽ ഉത്ബത്തിന്റെ ഉടലിൽ
തലയുണ്ടാവില്ല.”

രാത്രിയായപ്പോൾ അബൂ
ബക്കർ പതുക്കെ കണ്ണു തുറ
ന്നു. ബോധം തിരിച്ചു കിട്ടിയ
ഉടനെ ചോദിച്ചു: “എന്റെ മുത്ത്
നബിക്കെന്തെങ്കിലും സംഭവി
ച്ചൊ?” ആവർത്തിച്ചുള്ള ചോ
ദ്യത്തിനു മുമ്പിൽ എല്ലാവരും
നിശബ്ദരായി. “മോനേ, നിന്റെ
കൂട്ടുകാരനെന്തെങ്കിലും സംഭ
വിച്ചോ എന്നെനിക്കറിയില്ല.”
“നിങ്ങൾ ഉമറിന്റെ സഹോദരി
ഉമ്മു ജമീലിനോടൊന്നു ചോ
ദിക്കുമൊ?” അവശനായ അബൂ
ബക്കറിനു അവിടെ വരെ പോ
കാൻ കഴിഞ്ഞിരുന്നില്ല. മുത്തു
നബിയോടുള്ള മകന്റെ ആഴ
ത്തിലുള്ള സ്നേഹം ഉമ്മ ഉ
മ്മുൽ ഖൈർ തിരിച്ചറിഞ്ഞു. ഉ
മ്മു ജമീലിനെ തേടിയിറങ്ങി.
അവരെയും കൂട്ടിയാണ് അൽ
പസമയത്തിനു ശേഷം ഉമ്മുൽ
ഖൈർ തിരിച്ചു വന്നത്. അബൂ
ബക്കറിന്റെ അവസ്ഥ കണ്ട
പ്പോൾ ഉമ്മുജമീലിന്റെ ഹൃദയ
വും വിങ്ങി. അവരെ കണ്ട ഉട
നെ അബൂബക്കർ ചോദിച്ചു:
“എന്താണ് മുത്തു നബിയുടെ
വിശേഷം?” “എല്ലാം റാഹത്തി
ലാണ് !” അവർ പറഞ്ഞു. അ
ദ്ദേഹം വീണ്ടും ചോദിച്ചു: “എ
വിടെയാണിപ്പോഴുള്ളത്? ”

“ദാറുൽ അർഖമിൽ” എന്നു
കേട്ടപ്പോൾ അങ്ങോട്ട് പോക
ണമെന്നു കരുതി എണീറ്റെങ്കി
ലും എഴുന്നേൽക്കാൻ കഴി
ഞ്ഞില്ല. ഉമ്മുൽ ഖൈറും ഉമ്മു
ജമീലും സമാധാനിപ്പിച്ചു.

(തുടരും)


CID സൽമാൻ
ആമസോൺ
ജിതിൻഷായുടെ കൊലപാതകത്തിനും ആമസോണിന്റെ തിരോധനത്തിനും പിന്നിൽ ഒരു ലാറ്റിൻ അമേരിക്കക്കാരനാണെന്ന് സി. ഐ. ഡി സൽമാൻ കണ്ടെത്തുന്നു. തനിക്ക് ഉടനെ ഗോവയിൽ എത്തണമെന്ന് സൽമാൻ ആവശ്യപ്പെടുന്നു....
ഹ..ഹ..ഹ.. ഗോവയിൽ പോവുന്നത്.. ടൂറിനു വേണ്ടിയല്ല സാർ!
...പിന്നെ?
..ഊർജ്ജിതമായ അന്വേഷണം ഉള്ളതുകൊണ്ട്... എയർപോർട്ടുകൾ വഴി രക്ഷപ്പെടാൻ കുററവാളി മടിക്കും. .... കടൽ മാർഗ്ഗം രക്ഷപ്പെടാനാണ് അയാൾ ശ്രമിക്കുക!! .... അങ്ങനെയെങ്കിൽ.....
...ധാരാളം വിദേശികളെത്തുന്ന... ...ഒളിച്ചു കഴിയാൻ എല്ലാ സൗകര്യങ്ങളുമുള്ള....കടലിന്റെ സാമീപ്യമുള്ള.....ഗോവ.. ..തന്നെയായിരിക്കില്ലേ അയാളുടെ .....
യസ്!! ...അത് ശരിയാവാം മിസ്റ്റർ സൽമാൻ!
...ഫസ്റ്റ് CHOICE?
13


താമസിയാതെ – ഗുജറാത്ത് ചീഫ് അറേഞ്ച് ചെയ്തുകൊടുത്ത കാറിൽ സി.ഐ.ഡി. സൽമാൻ ..... ഗോവയിലേക്ക് .....
ഇതേ സമയം...
യസ് ബോസ്!...അവൻ പുറപ്പെട്ടിട്ടുണ്ട്!! ... കാറിൽ ആണ്... ഓക്കെ ബോസ്സ്! ... ഫോളോ ചെയ്യാം....
..എല്ലാ രഹസ്യങ്ങളും മണത്തറിയുന്ന ചിലർ!
.. ആ ഫോർ വീലർ കുറേ നേരമായി എന്നെ .. പിൻതുടരുന്നു.... ... ഒരു പക്ഷേ ...
...രാജേഷ് സുപ്പറിനെ .. വെടിവച്ച.... അണ്ടർ വേൾഡ്?
..ഇപ്പോൾ വണ്ടി നിറുത്തുന്നത്.. അപകടമാണ്... സുരക്ഷിതമായ ഒരു സ്ഥലം എത്തട്ടെ! അവരുടെ ഉദ്ദേശം.... എന്താണെന്നറിയണം!
14


....പെട്ടെന്ന്... ഓവർടേക്ക് ചെയ്ത ഫോർ വീലറിൽ നിന്നും CID സൽമാന്റെ കാറിന് നേരെ വെടി പൊട്ടി!
ഠേ്ടിഷ്യൂ.....!
.. സൽമാന്റെ കാർ ഒരു വശത്തേക്ക് ചരിഞ്ഞു നിന്നു.
..അവന്റെ കാര്യം കഴിഞ്ഞെന്നാ - തോന്നുന്നത്! കാറിൽ നിന്നും അനക്കമൊന്നും... കേൾക്കു - ന്നില്ല!!
..ഉറപ്പിക്കാൻ വരട്ടെ!.. നീ ഇറങ്ങി നോക്ക്!
ങേ?! ..ഇതിനകത്ത്...ആരും ഇല്ലല്ലോ!!.....അവൻ എവിടെ- പ്പോയി?
... ക്ഷമിക്കണം സാറേ...ഞാനൊരു **കുഴിമന്തി** കഴിക്കാൻ പോയതാ...എന്താ.. സാറിനു വേണോ?
?!
15


സൽമാൻെറ മിന്നൽ ആക്രമണം !
...ഇന്നാ... .. പിടിച്ചോ... കുഴിമന്തി !!
ഓടിവരുന്ന രണ്ടാമൻ -
എടാ!!
...നിനക്കും തരാം!!
ഫോർ വീലറിൽ വന്ന ഗുണ്ടകൾ പെട്ടെന്നു തന്നെ വണ്ടിയിൽ കയറി രക്ഷപ്പെട്ടു.
...ഞാൻ കേസ്സന്വേഷി- ക്കാൻ ഇറങ്ങിയ വിവരം ...അധോലോകത്തിന് ഇത്രപെട്ടെന്ന് എങ്ങനെ കിട്ടി ??
.... അപ്പോൾ... പോലീസിൽ തന്നെയുണ്ട് അധോലോകത്തി- ൻെറ ....... ചാരൻമാർ !! UNDER WORLD SPY'S !!
16
തുടരും -

# പകരത്തിന് പകരം

അയ്യാർ

**ഒ**ട്ടകവും കുറുക്കനും ഉറ്റ ചങ്ങാതിമാരായിരുന്നു. അവർ ഒന്നിച്ചായിരുന്നു ആഹാരം തേടിയിറങ്ങിയിരുന്നത്. ഒട്ടകപ്പുറത്തായിരുന്നു കുറുക്കന്റെ യാത്ര.

ഒരു ദിവസം സുഹൃത്തായ കാക്കയിൽ നിന്ന്, പുഴയുടെ അക്കരെയുള്ള ഒരു കരിമ്പിൻ തോട്ടത്തെക്കുറിച്ചും വയലിലെ ഞണ്ടുകളെക്കുറിച്ചും ഇരുവരും അറിഞ്ഞു. ഉടൻ തന്നെ അവിടെ പോയാൽ കൊള്ളാമെന്നായി രണ്ടുപേർക്കും. ഒട്ടകത്തിനു കരിമ്പും കുറുക്കനു ഞണ്ടും വലിയ ഇഷ്ടമായിരുന്നു.

അപ്പോൾ തന്നെ ഇരുവരും പുഴക്കരെയുള്ള കരിമ്പുതോട്ടത്തിലേക്ക് യാത്രയായി.

അവർ പുഴ മുറിച്ചുകടന്ന് കരിമ്പിൻ തോട്ടത്തിലെത്തി. വയലിലൂടെ ഓടിക്കളിക്കുന്ന മുഴുത്ത ഞണ്ടുകളെ കണ്ടപ്പോൾ കുറുക്കൻ ഒട്ടകപ്പുറത്തുനിന്ന് ചാടിയിറങ്ങി, ആർത്തിയോടെ ഞണ്ടുകളെ പിടിച്ച് കറുമുറാ തിന്നാൻ തുടങ്ങി.

ഒട്ടകമാകട്ടെ വളരെ സാവകാശത്തിലാണ് കരിമ്പു തിന്നുകൊണ്ടിരുന്നത്. കുറച്ചുസമയം കഴിഞ്ഞപ്പോൾ കുറുക്കന്റെ വയർ നിറഞ്ഞു.

“ഇനി നമുക്ക് പോകാം.” കു



റുക്കൻ പറഞ്ഞു.

"അൽപം കാത്തുനിൽക്കൂ, എന്റെ വയർ നിറഞ്ഞില്ല. ഞാൻ തിന്നു തുടങ്ങിയതേയുള്ളൂ." ഒട്ടകം അപേക്ഷിച്ചു.

അതു കേട്ടപ്പോൾ കുറുക്കന് അരിശം വന്നു. ഇനി ഒട്ടകത്തെ കാത്തു നിൽക്കണമല്ലോ! എത്ര നേരമാണ് കാത്തിരിക്കുക? പുഴ കടന്നുപോകണമെങ്കിൽ ഒട്ടകത്തിന്റെ സഹായം വേണം താനും.

അൽപം കഴിഞ്ഞപ്പോൾ കുറുക്കൻ പിന്നെയും പറഞ്ഞു:



"തിന്നതു മതി ചങ്ങാതീ, ഞാൻ കാത്തു മടുത്തു. വരൂ, നമുക്ക് പോകാം."

ഒട്ടകം പറഞ്ഞു: "ചങ്ങാതീ, നിന്റെ കൊച്ചുവയറ് നിറയാൻ കുറച്ചു ഭക്ഷണം മതി. ഭീമാകാരനായ എനിക്ക് അതു പോര." ഒട്ടകം തീറ്റ തുടർന്നു.

ഒട്ടകം തീറ്റ മതിയാക്കിയാൽ മാത്രമേ തനിക്ക് പോകാൻ കഴിയൂ.. ഒട്ടകത്തെ പിന്തിരിപ്പിക്കാൻ എന്താണൊരു വഴി? കുറുക്കൻ ചിന്തിച്ചു. പെട്ടെന്ന് അവനൊരു ഉപായം തോന്നി. അവൻ ഉറക്കെ ഓരിയിട്ടു. അതുകേട്ട് ഞെട്ടിയ ഒട്ടകം പറഞ്ഞു:

"ചങ്ങാതീ, അങ്ങനെ ഓരിയിടാതെ. നിന്റെ കൂവൽകേട്ടാൽ കൃഷിക്കാർ വരും. അത് നമുക്ക് അപകടം ചെയ്യും."

"തനിക്കെന്ത് അപകടം, കരിമ്പു തിന്നുന്നത് ഒട്ടകമാണല്ലോ എന്നു ചിന്തിച്ച കുറുക്കൻ പറഞ്ഞു: "എനിക്ക് ഓരിയിടാതിരിക്കാനാകില്ല സുഹൃത്തേ. വയറു നിറഞ്ഞാൽ ഓരിയിടുന്നത് എന്റെ ശീലമായിപ്പോയി."

ഒട്ടകത്തെ കരിമ്പുതീറ്റ

യിൽ നിന്ന് പിന്തിരിപ്പിക്കാൻ അതേയുള്ളൂ വഴി എന്നു മനസ്സിലാക്കിയ കുറുക്കൻ പിന്നെയും ഓരിയിട്ടു. കുറുക്കന്റെ ഓരിയിടൽ കേട്ട കർഷകർ മുട്ടൻ വടികളുമായി പാഞ്ഞെത്തി. അവർ കരിമ്പു തിന്നുന്ന ഒട്ടകത്തെയാണു കണ്ടത്. ഓഹാ, കഷ്ടപ്പെട്ടുണ്ടാക്കിയ കരിമ്പുകൃഷി തിന്നു നശിപ്പിക്കുകയാണോ?! അവർക്ക് അരിശം വന്നു.

അവർ ഒട്ടകത്തെ തലങ്ങും വിലങ്ങും ആഞ്ഞടിക്കാൻ തുടങ്ങി. അടികൊണ്ട് ഒട്ടകം പുളഞ്ഞു. അത് വേദനയോടെ കരഞ്ഞുകൊണ്ട് പുഴക്കരയിലേക്ക് ഓടിച്ചെന്നു. പിന്നാലെ കുറുക്കനും ഓടിയെത്തി.

“ചങ്ങാതീ, നീ ഓരിയിട്ടതുകൊണ്ടല്ലേ, ആ കർഷകൻ എന്നെ കണ്ടുപിടിച്ചതും തല്ലിയതും...” ഒട്ടകം ചോദിച്ചു.

“എന്തു ചെയ്യും ചങ്ങാതീ, വയർ നിറഞ്ഞാൽ ഓരിയിടുക എന്റെ ശീലമായിപ്പോയി.” കുറുക്കൻ പറഞ്ഞു.

അപ്പോൾ മനസ്സിൽ ചിലതെല്ലാം തീരുമാനിച്ചുറപ്പിച്ചുകൊണ്ട് ഒട്ടകം പറഞ്ഞു: “ശരി, ശ

## വെളിച്ചം

**അദ്നാൻ**



**അ**റിവിൻ വിസ്മയലോകം ഖുർആൻ
റബ്ബിൻ പുണ്യകലാമീ ഫുർഖാൻ
സന്മാർഗത്തിൻ വെട്ടം നൽകിയ
ഗ്രന്ഥം ഈ തിബിയാൻ, നമ്മുടെ
മുത്ത് റസൂലിൻ മുഅജിസത്തായി
തിളങ്ങുന്നൂ ഖുർആൻ.

ഖദ്റിൻ രാവിലിറങ്ങിയ ഗ്രന്ഥം.
ഹൃത്തിൽ ശാന്തി തരുന്നൊരു മന്ത്രം.
ഓത്തിൻ മധുരം പകരും നമ്മിൽ
ചിത്തിര ചന്തം അതിനെ
ഓതിയവർക്ക് ശിപാർശകനാകും
നിത്യ സുഗന്ധം

രി... നിന്നെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. ശീലമല്ലേ, അതു മാറ്റാനാവില്ല. വാ, നമുക്ക് തിരിച്ചുപോകാം...."

ഉള്ളാലെ ചിരിച്ചുകൊണ്ട് കുറുക്കൻ ഒട്ടകപ്പുറത്തു കയറി. അവർ ഇരുവരും പുഴമുറിച്ചു കടന്നു തുടങ്ങി.

പുഴയുടെ ഒത്ത മധ്യത്തിലെത്തിയപ്പോൾ ഒട്ടകം ഒന്നു നിന്നു.

"എന്തേ നിന്നത്?" കുറുക്കൻ ചോദിച്ചു.

"എനിക്കൊന്ന് മുങ്ങിക്കുളിക്കണം."

"ങേ, മുങ്ങിക്കുളിക്കേ? തമാശ പറയുകയാണോ, നീ വെള്ളത്തിൽ മുങ്ങുമ്പോൾ ഞാൻ പുഴയിൽ വീണു പോകില്ലേ?"

"ചിലപ്പോൾ അങ്ങനെ സംഭവിക്കുമായിരിക്കും. എന്നു കരുതി എനിക്ക് മുങ്ങിക്കുളിക്കാതിരിക്കാനാവില്ല ചങ്ങാതീ...." ഒട്ടകം പറഞ്ഞു.

"അപ്പോൾ ഞാൻ പുഴയിലെ വെള്ളം കുടിച്ച് ചത്തുപോകും ചങ്ങാതീ."

"ചിലപ്പോൾ അങ്ങനെ സംഭവിച്ചേക്കാം, പക്ഷേ, എനിക്ക് മുങ്ങിക്കുളിച്ചേ പറ്റൂ. കാരണം അടികൊണ്ടാൽ മുങ്ങിക്കുളിക്കുകയെന്നത് എന്റെ ശീലമായിപ്പോയി."

ഇങ്ങനെ പറഞ്ഞ് ഒട്ടകം പുഴയിൽ ഒറ്റ മുങ്ങൽ. തൽക്ഷണം കുറുക്കൻ ഒട്ടകപ്പുറത്തു നിന്ന് പുഴയിൽ വീണു. നീന്തലറിയാതെ അവൻ പുഴയിൽ കൈകാലിട്ടടിച്ചു. പുഴയിൽ മുങ്ങിയും പൊങ്ങിയും അവന്റെ മൂക്കിലും വായിലും വെള്ളം കയറി. അവൻ അലമുറയിട്ടു. മരണത്തിന്റെ വക്കിലെത്തി.

ആ സമയം ഒട്ടകം മുകളിലേക്ക് തന്റെ മുതുക് ഉയർത്തിക്കൊടുത്തു. എന്നിട്ടു പറഞ്ഞു: "ഉം കയറിക്കോ." കുറുക്കൻ ഒട്ടകത്തിന്റെ പുറത്തു ശ്രമപ്പെട്ട് ഒരുവിധം വലിഞ്ഞു കയറി.

പുഴ മുറിച്ചുകടന്നു കൊണ്ട് ഒട്ടകം പറഞ്ഞു: "പകരത്തിനു പകരം എന്നു കേട്ടിട്ടില്ലേ, ഉറ്റ സുഹൃത്തിനെ വഞ്ചിക്കുന്നവർക്ക് ഇതാണു ശിക്ഷ."

തനിക്കുപറ്റിയ അമളിയോർത്ത് കുറുക്കൻ നാണിച്ചു തലതാഴ്ത്തി.

കുഞ്ഞുമോൻ/ അബൂതസ്നീം

# വിരുന്നുകാരൻ വരുന്നല്ലോ

"കുഞ്ഞ്യോനേ, കുഞ്ഞ്യോളേ, രണ്ടാളും ഇന്ന് കളികൾക്കൊന്നും ഇറങ്ങണ്ടാട്ടോ. ഉമ്മാന്റെ കൂടെ പൊരേം ചുറ്റുപാടും വൃത്തിയാക്കാൻ കൂടണം."

രാവിലെ ചായ കുടിച്ച ഉടനെ ഉമ്മ മുന്നറിയിപ്പ് നൽകിയപ്പോൾ കുഞ്ഞുമോന് സംശയം: എന്താ ഇപ്പോ ഒരു വിശേഷം?

"എന്തിനാമ്മാ ഇപ്പോ ഒരു വൃത്തിയാക്കല്?" അവൻ സംശയം ചോദിച്ചു.

"എടാ, റമളാൻ മാസമല്ലേ വര്ണത്. റമളാൻ മസത്തെ സ്വീകരിക്കാൻ നമ്മൾ ഒരുങ്ങണ്ടേ?"

"ഓ.., അതാണല്ലേ, എന്നോടത് മറന്നുപോയി. നമ്മുടെ പള്ളിയൊക്കെ പെയിന്റടിച്ച് ഭംഗിയാക്കുന്നുണ്ടുമ്മാ റമളാനെ സ്വീകരിക്കാൻ."

"ങാ.. അങ്ങനെ വേണം മോനേ. നമ്മള് റമളാനെ നല്ല പോലെ സ്വീകരിക്കണം. ബഹുമാനിക്കണം. സന്തോഷിപ്പിച്ചു യാത്രയയക്കണം."

"അപ്പോ റമളാനെന്താ ഒരു മനുഷ്യനോ മറ്റോ ആണോ ഉമ്മാ, ഇങ്ങനെ സ്വീകരിക്കാനും യാത്രയയക്കാനും?"

"അതിനു മനുഷ്യനാവണമെന്നൊന്നുമില്ലല്ലോ. മോന് അറിയില്ലേ, അല്ലാഹു ആദരിച്ച മാസമാണത്. മുത്തുനബിയുടെ

സമുദായത്തിന് പുണ്യങ്ങൾ വാരിക്കൂട്ടാനുള്ള മാസം. നമ്മുടെ വിശുദ്ധ ഖുർആൻ ഇറക്കപ്പെട്ട മാസം. ലൈലത്തുൽ ഖദ്റിന്റെ മാസം. നാം ചെയ്യുന്ന പുണ്യ കർമ്മങ്ങൾക്കൊക്കെ ആയിരക്കണക്കിന് ഇരട്ടി പ്രതിഫലം ലഭിക്കുന്ന മാസം! മോനേ, നിനക്കറിയോ, നല്ല വിശ്വാസത്തോടെ അല്ലാഹുവിൽ നിന്നുള്ള പ്രതിഫലം മോഹിച്ച് ആരെങ്കിലും റമളാൻ മാസത്തിൽ നോമ്പ് നോറ്റാൽ അവരുടെ എല്ലാ ദോഷങ്ങളും അല്ലാഹു പൊറുത്തു കൊടുക്കുമെന്നാണ് മുത്തുനബി പറഞ്ഞത്."

ഇതൊക്കെ പലവട്ടം കേട്ട കാര്യമാണ്. മദ്റസയിൽ നിന്ന് ഉസ്താദ് പറഞ്ഞിരുന്നു. പള്ളിയിൽ നിന്ന് ഇമാം വഅള് പറഞ്ഞതും കേട്ടിരുന്നു. റമളാനിൽ നോമ്പു നോൽക്കണം. തറാവീഹ് നിസ്കരിക്ക



ണം.

പിന്നെ... എങ്ങനെയാണ് റമളാനിനെ സ്വീകരിക്കേണ്ട തും ബഹുമാനിക്കേണ്ടതും?

കുഞ്ഞുമോന്റെ മനസ്സിൽ പിന്നെയും സംശയം. അവൻ ഉമ്മയോടു തന്നെ ആ സംശ യം ചോദിച്ചു. ഉമ്മ പറഞ്ഞു: "അതൊക്കെ കുറേ പറയാനു ണ്ട് കുഞ്ഞ്യോനേ. ഇവിടേ ക്കൊരു വിരുന്നുകാരൻ വരു ന്നുണ്ടെന്ന് കരുത്; നമ്മളവ രെ ഒട്ടും സന്തോഷം കാണി ക്കാതെ, ഇവിടെയൊക്കെ വൃ ത്തികേടായ നിലയിൽ സ്വീക രിച്ചാൽ അവർക്കെന്താണ് തോന്നുക? 'ഓ... വന്ന് കേറീർ ക്ക്ണ്, ബുദ്ധിമുട്ടാക്കാൻ' എ ന്നു പറഞ്ഞ് വെറുപ്പോടെ എ തിരേറ്റാൽ അവർക്ക് വിഷമം തോന്നില്ലേ? മോശമായെന്തെ ങ്കിലും പറഞ്ഞാൽ അവർ അ പ്പോൾ തന്നെ പിണങ്ങി ഇറ ങ്ങിപ്പോവില്ലേ? എന്നാൽ സ ന്തോഷത്തോടെ അവരെ സ്വീ കരിച്ചിരുത്തുകയും ഏറ്റവും നല്ല ഭക്ഷണമുണ്ടാക്കിക്കൊടു ക്കുകയുമൊക്കെ ചെയ്താ ലോ? അവർക്കു വലിയ സ ന്തോഷമാവും. നമ്മളെ അവ ര് അവരുടെ വീട്ടിലേക്കും ക്ഷ ണിക്കും. നമ്മളവിടെ ചെ ന്നാൽ സന്തോഷത്തോടെ സ്വീ കരിക്കും. രുചിയുള്ള ഭക്ഷണ ങ്ങളുണ്ടാക്കി സൽക്കരിക്കും. ഇല്ലേ മോനേ?"

"നമ്മടെ മാമന്റെ വീട്ടിൽ പോയതു പോലെ ഇല്ലേ ഉ മ്മാ"മാമന്റെ വീട്ടിൽ വിരുന്നു പോകുമ്പോൾ കിട്ടാറുള്ള വി ഭവസമൃദ്ധമായ ഭക്ഷണത്തി ന്റെ രുചിയോർത്ത് കുഞ്ഞുമോ ന്റെ വായിൽ വെള്ളം നിറഞ്ഞു.

"ങാ, അങ്ങനെത്തന്നെ. അ വരിവിടെ വരുമ്പോ നമ്മളും ന ന്നായി സൽക്കരിക്കാറുണ്ടല്ലോ. അതുപോലെ റമളാൻ മാസ ത്തേയും നന്നായി സ്വീകരിക്ക ണം, സൽക്കരിക്കണം."

"അതെങ്ങനെയാണുമ്മാ?"

"ചില ആൾക്കാരുണ്ട്; റമ ളാൻ മാസം വരുന്നത് അവർ ക്ക് വെറുപ്പാണ്. ഇനീപ്പോ ഒ രു മാസം പകല് മുഴുവൻ പട്ടി ണി കിടക്കണം. ദാഹവും വി ശപ്പും സഹിക്കണം. ഈ ചൂ ടു കാലത്ത് എന്തൊരു ബുദ്ധി മുട്ടാ.. എന്നൊക്കെയായിരിക്കും അവർ വിചാരിക്കുന്നത്. മറ്റുള്ള വർ നോമ്പു നോൽക്കുന്നത് കൊണ്ട് അവരും നോമ്പ് നോൽക്കും. മറ്റ് പുണ്യ കർമ്മ

ങ്ങളിലൊന്നും അവർക്ക് താൽ പര്യമുണ്ടാകില്ല. ഒരു ജുസ്അ് ഖുർആൻ പോലും അവർ ഓ തുകയില്ല. രാത്രികളിൽ തറാ വീഹ് നിസ്കരിക്കാതെ കിടന്നു റങ്ങും. എങ്ങനെയെങ്കിലും ഈ മാസമൊന്നു കഴിഞ്ഞു കി ട്ടിയാൽ മതി എന്നായിരിക്കും അവരുടെ വിചാരം. വിരുന്നു കാർ ഒന്നു പോയിക്കിട്ടിയാൽ മതി എന്നു വിചാരിക്കുന്നത് പോലെ. ഇങ്ങനെയുള്ളവർ റ മളാൻ മാസത്തെ ആദരിക്കുന്ന വരല്ല, വെറുക്കുന്നവരാണ്. റ മളാൻ മാസത്തിനും അവരോ ട് വെറുപ്പായിരിക്കും. അപ്പോ പിന്നെ റമളാന്റെ പുണ്യങ്ങളൊ ന്നും അവർക്കു കിട്ടില്ലെന്നുറ പ്പാണല്ലോ."

"അതിന് ഉമ്മാ, നമ്മുടെ മ നസ്സിലുള്ളത് എങ്ങനെയാ റമ ളാൻ മാസം അറിയുന്നത്?"

"മോനേ, റമളാൻ മാസമല്ല നമുക്ക് പ്രതിഫലം തരുന്നത്; അല്ലാഹുവാണ്. അവൻ നമ്മു ടെ മനസ്സിലുള്ള കാര്യങ്ങളെ ല്ലാം അറിയുന്നവനാണല്ലോ. അല്ലാഹുവാണ് റമളാൻ മാസ ത്തെ നമ്മിലേക്കയക്കുന്നത്. എ ന്നിട്ട് താൻ അയക്കുന്ന വിരു ന്നുകാരനെ ജനങ്ങൾ എങ്ങ നെയാണ് സ്വീകരിക്കുന്നതെ ന്ന് അവൻ നിരീക്ഷിക്കും. സ ന്തോഷത്തോടെ സ്വീകരിച്ച് ആദരിക്കുന്നവർക്ക് അറ്റമില്ലാ ത്ത പ്രതിഫലം നൽകും. അ വരെ സ്വീകരിക്കാൻ സ്വർഗ്ഗ ത്തെ അലങ്കരിച്ചിരിക്കയാണ് അല്ലാഹു. അപ്പോ നമ്മളും അ ല്ലാഹു അയക്കുന്ന വിരുന്നു കാരനെ നന്നായി സ്വീകരിക്ക ണമല്ലോ. അതിന് വീടും പ രിസരവുമൊക്കെ വൃത്തിയാ ക്കണം. സന്തോഷത്തോടെ ആ വിരുന്നുകാരനെ സ്വീകരി ക്കണം. ആ വിരുന്നുകാരന് വിഭവ സമൃദ്ധമായ ഭക്ഷണം കൊടുത്ത് സന്തോഷിപ്പിക്ക ണം."

"നോമ്പു തുറക്കുമ്പോൾ എന്നും കോഴിക്കറിയും ബിരി യാണിയും മറ്റു വിഭവങ്ങളു മൊക്കെ കഴിക്കണമെന്നാണ ല്ലേ ഉമ്മ പറയുന്നത്? അതെ നിക്കും നല്ല ഇഷ്ടമാണുമ്മാ."

"അല്ലെടാ, നമ്മൾ തിന്നുന്ന കാര്യമല്ല പറഞ്ഞത്. നമ്മളങ്ങ നെ പോത്തെറച്ചീം കോഴിയി റച്ചീം ആട്ടിറച്ചീം മറ്റും തിന്ന് സുഖിക്കേണ്ട കാലമല്ല റമ

ളാൻ. റമളാന് കൊടുക്കേണ്ട ഭക്ഷണം ഇത്തരത്തിലുള്ളതൊന്നുമല്ല. നോമ്പു നോറ്റാൽ മനസ്സിലെപ്പോഴും ആ ഓർമ്മ വേണം. നോമ്പു മുറിഞ്ഞു പോകുന്ന കാര്യങ്ങളൊന്നും ചെയ്തു പോകരുത്. കൃത്യമായി നിസ്കരിക്കണം. കഴിയുന്നത്ര സുന്നത്ത് നിസ്കാരങ്ങൾ നിർവ്വഹിക്കണം. ധാരാളം ഖുർആൻ ഓതണം. ദിക്റുകൾ ചൊല്ലണം. രാത്രിയിൽ തറാവീഹ് നിസ്കരിക്കണം. തെറ്റായ കാര്യങ്ങളൊന്നും പറയരുത്. മറ്റുള്ളവർ പറയുന്ന ദുഷിച്ച കാര്യങ്ങൾക്ക് ചെവി കൊടുക്കരുത്. ഏഷണിയും പരദൂഷണവുമൊന്നും ഒട്ടും പറഞ്ഞു പോകരുത്. തെറ്റായ കാര്യങ്ങളിലേക്കൊന്നും നോക്കരുത്. ഇങ്ങനെ എല്ലാ തെറ്റുകളും ഒഴിവാക്കി, അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്ന കാര്യങ്ങൾ മാത്രം ചെയ്യുന്നതാണ് റമളാനിനെ സന്തോഷിപ്പിക്കുന്ന വിഭവങ്ങൾ. ഇങ്ങനെയൊക്കെ നാം ചെയ്താൽ റമളാൻ നമ്മെയും ഇഷ്ടപ്പെടും. നമ്മള് മരിച്ചു കഴിഞ്ഞ് അല്ലാഹുവിന് മുമ്പിലെത്തുമ്പോൾ ഈ റമളാൻ വന്നു പറയും: "പടച്ചോനേ, എന്നെ നന്നായി സൽക്കരിച്ച് സന്തോഷിപ്പിച്ച ആളാണിയാൾ. അതുകൊണ്ട് ഇയാളെ നീയും സൽക്കരിക്കണേ...." അല്ലാഹു റമളാനിന്റെ ആ അപേക്ഷ സ്വീകരിക്കുകയും



നേരത്തെ ഒരുക്കി വെച്ച സ്വർഗ്ഗത്തിലേക്ക് നമ്മെ അയക്കുകയും ചെയ്യും.

റമളാനിനെ വെറുപ്പോടെ സ്വീകരിക്കുകയും വെറുപ്പിച്ചു വിടുകയും ചെയ്തവർ അല്ലാഹുവിന്റെ മുമ്പിലെത്തുമ്പോൾ "ഇയാളെന്നെ സ്വീകരിച്ചില്ല, എന്നെ വെറിപ്പിച്ചു വിട്ടു" എന്നൊക്കെ പരാതി പറയും. അപ്പോൾ അല്ലാഹു അവനെ നരകത്തിലേക്കു വലിച്ചെറിയാൻ കൽപ്പിക്കും. പിന്നെ ഒരു രക്ഷയുമുണ്ടാവില്ല മോനേ."

"എന്നാലുമ്മാ, നമുക്കീ റമളാനിനെ നന്നായി സ്വീകരിക്കണം. അതിനെന്തൊക്കെ വേണമെന്ന് ഉമ്മ പറഞ്ഞു തരുമല്ലോ."

"പറഞ്ഞു തരാം മോനേ, ആദ്യം നമുക്ക് വീടും പരിസരവുമൊക്കെ വൃത്തിയാക്കണം. എന്നിട്ടു റമളാനിനെ സ്വീകരിക്കാൻ മനസ്സുകൊണ്ടു തയ്യാറാവാം. സന്തോഷത്തോടെ റമളാനിലെ ആദ്യ രാവിനെ സ്വീകരിക്കാം. ഉമ്മയൊടൊപ്പം കുഞ്ഞ്യോനും കുഞ്ഞ്യോളും എല്ലാറ്റിനും കൂടുമല്ലോ."

"ഞാൻ റെഡിയാണുമ്മാ." കുഞ്ഞിമോൻ തയ്യാറായി കൈയുയർത്തി.

"ഞാനും റെഡിമ്മാ." കുഞ്ഞിമോളും അതുകണ്ട് കൈ നീട്ടിക്കാണിച്ചു.

## ഗൂഗിൾ ട്രാൻസ്‌ലേറ്റ്

ഗൂഗിൾ 2006 ഏപ്രിലിൽ വികസിപ്പിച്ച വിവർത്തന സേവനമാണ് ഗൂഗിൾ ട്രാൻസ്‌ലേറ്റ്. വാക്കുകളും വാക്യങ്ങളും ഒരു ഭാഷയിൽ നിന്ന് മറ്റൊന്നിലേക്ക് വിവർത്തനം



ചെയ്യാൻ സഹായിക്കുന്ന സേവനമാണിത്. നിലവിൽ 109ൽപ്പരം ഭാഷകളുടെ വിവർത്തനം ഗൂഗിൾ ട്രാൻസ്‌ലേറ്ററിൽ ലഭ്യമാണ്. പ്രതിദിനം 10,000 കോടി വാക്കുകൾ ഗൂഗിൾ ട്രാൻസ്‌ലേറ്റ് മുഖേന വിവർത്തനം ചെയ്യപ്പെടുന്നുണ്ടെന്നാണ് കണക്ക്.

# കളിക്കളം

## പ്ലീസ് സഹായിക്കുമോ ?

അങ്ങാടിയിൽ വന്ന കുഞ്ഞു മോന് പള്ളിയിലേക്കുള്ള വഴി കാണിച്ചു കൊടുക്കാമോ ?



പൂവിനെക്കുറിച്ച് നിങ്ങൾ ഒരു കവിതയെഴുതി നോക്കൂ.....

## വ്യത്യാസം കണ്ടുപിടിക്കൂ...



A




B


ചിത്രം എയും ബിയും തമ്മിലുള്ള 5 വ്യത്യാസങ്ങൾ കണ്ടുപിടിക്കൂ.

## നിറംകൊടുത്ത് പൂമ്പാറ്റയെ ഭംഗിയാക്കൂ...





മിസ്റ്റർ മണ്ടപ്പൻ
ഒരു ദിവസം
അണ്ണേ ഇത് നോക്കിക്കേ പരസ്യം
എന്തോന്നെഡേ യ് കൊച്ചുവെളു പ്പാൻകാലത്ത്
ഇന്ററസ്റ്റിംഗ് പരസ്യമാണണ്ണേ, പണം തടയുന്ന കേസ്!
മണ്ടപ്പൻ ചാടിയെഴുന്നേറ്റു
മതിലിൽ പരസ്യമെഴു ത്ത് മത്സരം
ഒരു ജ്വല്ലറിയുടെ പര സ്യം ചുവരിൽ എഴുതിയാൽ


നല്ല ചുവരെഴുത്തിന് ആകർഷകമായ സമ്മാനങ്ങൾ
ഒരു കൈ നോക്കിയാലോ മച്ചൂ...
പിന്നെന്താ, വീട് പെയിന്റ് ചെയ്യാൻ വാങ്ങിയത് അൽപം ബാക്കിയുണ്ട്
എങ്കിൽ പെയ്ന്റിന്റെ പൈസയും ലാഭം! പഷ്ട്!
അപ്പന്മാർ പെയ്ന്റ് ബാലൻസുമായി തുറന്ന ജീപ്പിൽ മത്സരസ്ഥലത്തേക്ക്
അണ്ണേ, ഏമാന്മാരുടെ വിളിയൊന്നും ഇല്ലല്ലോ.
കരിനാക്കെടുത്ത് വിളിക്കാതെ മച്ചൂ!


മത്സരവും കഴിഞ്ഞ് അപ്പന്മാർ മടക്കയാത്രയിലാണ്
സമ്മാനം അവർ വിളിച്ചറിയുക്കുമെന്നാണ് പറഞ്ഞത്
പെയ്ന്റ് ഇനിയും ബാക്കിയുണ്ട്
നമുക്ക് ചുരം വഴി മടങ്ങിയാലോ അണ്ണേ
അപ്പന്മാർ വലിയചുരം റോഡ് വഴി
ഒരു പരിചയവുമില്ലാത്ത റോഡാ... എന്തൊരു വളവും താഴ്ചയുമാണ്.
അങ്ങോട്ട് നോക്കണ്ണേ
നമുക്ക് സഹായിച്ചാലോ അണ്ണേ
എങ്ങനെ മച്ചൂ



പെയ്ന്റ് ബാക്കി യുണ്ടല്ലോ, വഴി കാ ണിക്കാം നമുക്ക്
പെയിന്റും ബ്രഷുമായി അപ്പന്മാർ
തിരിഞ്ഞു പോകാനുള്ള ദിശാസൂചന വരയ്ക്കാം
അങ്ങനെ
ഹ! ഹ! ഹ!
അതാ മച്ചൂ ഒരു കണ്ട യ്നർ ലോറി വരു ന്നു. നമുക്ക് നമ്മുടെ സൽപ്രവൃത്തിയുടെ ഫലം കണ്ടറിയാം
ഹയ്യട!


അബദ്ധത്തിൽ ദിശമാറി വരച്ച ബോർഡു നോക്കി മുന്നോട്ടുപോയ കണ്ടയ്നർ
അണ്ണേ നമുക്ക് തെറ്റുപറ്റി
കൊടും താഴ്ചയിലേക്ക് ആണ് അമ്പടയാളം വെച്ചത്, അങ്ങനെ പോയ കണ്ടയ്നർ ലോറി. ദേ, പോയി വീണത്!
ഹമ്മച്ചിയേ! വെളുക്കാൻ തേച്ചത് പാണ്ടായോ, മച്ചൂ!
നമുക്ക് മുങ്ങാൻ സമയമായിരിക്കുന്നു, മച്ചൂ
ശരിയാണ് അണ്ണേ



അപ്പന്മാർ സ്ഥലം വിട്ടു
ഇനി സന്നദ്ധസേവനം നല്ലവണ്ണം ആലോചി ച്ചു മതി, അണ്ണേ
യെസ്
അപ്പോൾ വീട്ടിനുള്ളിൽ
വാതിൽ തുറന്നപ്പോൾ ഏമാൻമാർ
വെൽഡൺ അപ്പന്മാരേ, വെൽഡൺ
എന്താ കാര്യം സാർ
എന്താ സാർ
ചുരത്തിൽ ദിശാസൂചന തെറ്റായി വരച്ച് കുഴിയിൽ വീണ കണ്ടയ്നർ നിറയെ സ്ഫോടക വസ്തുക്കളായിരുന്നു
തീവ്രവാദികൾ ആയിരുന്നു!
ങേ!

നോവൽ 32 / മുഹമ്മദ് പാറന്നൂർ

# പ്രകൃതിനാട്ടിലെ സുകൃതിക്കുട്ടന്മാർ

## പോക്കു എവിടെ ?

സ്കൂളില്ലാത്ത ദിവസമാണ്. അതുകൊണ്ട് വഴിയിൽ കുറേ നേരം കളിച്ചിട്ടേ വീട്ടിലേക്കു പോവുകയുള്ളൂ. അതാണു പതിവ്. കൊയ്ത്ത് കഴിഞ്ഞ് ഉണങ്ങിക്കിടക്കുന്ന വയലാണിപ്പോൾ കളിസ്ഥലം. വഴിയരികിൽ പുസ്തകങ്ങൾ വെച്ച് അതിനു മീതെ കുപ്പായമഴിച്ചു ചുരുട്ടിവെച്ച് എല്ലാവരും വയലിലേക്കിറങ്ങി. അപ്പോഴേക്കും അന്ത്രുമാൻ വലിയൊരു പന്തുമായി വന്നു. അവൻ തന്നെ ഉണ്ടാക്കിയതാണ്. ഉണങ്ങിയ ഇലകൾ ചുരുട്ടിക്കൂട്ടി അതിനു മീതെ വാഴ നാരു കൊണ്ടു മുറുക്കിക്കെട്ടി, പിന്നെയും കുറേ നാരുകൾ കൊണ്ടു പൊതിഞ്ഞു ഭംഗിയാക്കിയ നല്ലൊരു പന്ത്. ഞങ്ങൾ പന്തിന്റെ ഭംഗി നോക്കുമ്പോഴാണ് മൂസ പറഞ്ഞത്: "എടോ, പോക്കു കളിക്കാനില്ല. അവനതാ ഓടിപ്പോക്ണ്."

അവൻ കൈ ചൂണ്ടിയ ഭാഗത്തേക്ക് നോക്കിയപ്പോൾ കണ്ടത് വന്ന വഴിയെ കുതിച്ചു പായുന്ന പോക്കുവിനെയാണ്. കൂട്ടുകാർ വിളിച്ചു നോക്കിയെങ്കിലും അവൻ തിരിഞ്ഞു നോക്കാതെ ഓടെടാ ഓട്ടം..

ഇന്നു നമ്മുടെ പോക്കുവിനെന്താ പറ്റിയത്? ഞങ്ങൾ ഒന്നും മനസ്സിലാകാതെ അവൻ ഓടിപ്പോയ വഴിയിലേക്കു തന്നെ നോക്കി നിന്നു. മദ്രസ



ഞാൻ പറയുമ്പോൾ തുടങ്ങും. നിർത്താൻ പറയുമ്പോൾ നിർത്തും. കളി ഒഴിവാക്കിയിട്ട് അവനൊരു കാര്യവുമില്ല. എവിടെപ്പോയാലും അവൻ കളിക്കാൻ ഓടിയെത്തുമല്ലോ.

ഞങ്ങൾ പോക്കുവിനെ കാത്തിരുന്നു. അവനില്ലാതെ എന്തു കളി?

കുറേ നേരം കാത്തിരുന്നുമടുത്തപ്പോൾ “ഉമ്മ ചീത്ത പറയും” “വാപ്പയുടെ അടി കിട്ടും” എന്നൊക്കെ പറഞ്ഞ് ഓരോരുത്തരായി വീട്ടിലേക്കു

യിൽ വല്ലതും വെച്ചു മറന്നത് എടുക്കാനോടിപ്പോയതാണോ?


ഞങ്ങൾ കളി തുടങ്ങാനാവാതെ കാത്തു നിന്നു. എന്നും കളിക്കാൻ മുമ്പിലുണ്ടാവുന്നത് പോക്കുവാണ്. അവനാണ് കളിയിലെ ടീമുകളെ തിരഞ്ഞെടുക്കുന്നത്. അവൻ കളി തുട

പോയി. ഉച്ചവരെ കാത്തിരുന്നിട്ടും കാണാതായപ്പോൾ എല്ലാവരും സ്ഥലം വിട്ടു.

ഉച്ചക്ക് ചോറു തിന്നുമ്പോഴാണ് പോക്കുവിന്റെ ഉമ്മ വന്ന് സങ്കടത്തോടെ പറയുന്നത് കേട്ടത്: "...ന്റെ മോന് മദ്രസ വിട്ട് ഇത് വരെ വന്നീല്ലല്ലോ. അവുക്കു മോനിവിടണ്ടോ? ഓല് രണ്ടാളും കൂട്യല്ലേ പോകലും വരലും."

"അവുക്കു മോനതാ ചോറ് ബെയ്ക്ക്ണ്." ഉമ്മയുടെ വാക്കുകൾ കേട്ട് പോക്കുവിന്റെ ഉമ്മ അടുക്കളയിലെത്തി ചോദിച്ചു: "മോനേ, ന്റെ മോൻ പോക്കു എവടെപ്പോയി?"

"നിക്കറിയില്ലത്താത്താ, ഓൻ കളിക്കാൻ കൂടാതെ എങ്ങോട്ടോ ഓടിപ്പോക്ണത് കണ്ട്."



"എങ്ങോട്ടാ ഓടീത്?" അവർ ബേജാറായി ചോദിച്ചു.

"അതൊന്നും പറഞ്ഞില്ല. മ ദ്രസേന്ന് ഓൻ കരഞ്ഞീന്, പി ന്നെ ഒന്നും മിണ്ടീല്ല."

"എന്തിനേ കരഞ്ഞത്, ഉസ് താദ് അടിച്ചോ?"

"ഇല്ല, ഇന്നുസ്താദ് ആരേം അടിച്ചിട്ടില്ല. പാഠം എടുക്ക്ണേ ന് ഇടയില് ഓൻ കരയാൻ തു ടങ്ങി, പള്ള വേദന ആയിട്ടാ യിരിക്കും ന്ന് ഉസ്താദ് പറ ഞ്ഞു."

"പടച്ചോനേ, ന്റെ മോനെബ ടെപ്പോയി? ഓനെന്ത് പറ്റി?" പോക്കുവിന്റെ ഉമ്മ ഉറക്കെ ക രയാൻ തുടങ്ങി. കരച്ചില് കേട്ട് അയൽവീട്ടിലെ ആൾക്കാരൊ ക്കെ ഓടി വന്നു. അവന്റെ ഉമ്മ യെ സമാധാനിപ്പിച്ചയച്ച് ഇക്കാ ക്കമാർ നാലുവഴിക്കും പോക്കു വിനെത്തേടി നടന്നു. 'പോക്കു വിനെ കാണാനില്ല' എന്ന വാർ ത്ത നാട്ടിലെങ്ങും പരന്നു. മീൻ കച്ചവടത്തിന് പോകുന്നത് കൊണ്ട് അവനെ അറിയാത്ത വരായി ഞങ്ങളുടെ നാട്ടിൽ ആരുമുണ്ടായിരുന്നില്ലല്ലോ.

തിരയാൻ പോയവരുടെ പി ന്നാലെ ഞങ്ങളും കൂടി. അവർ വഴിയിൽ കണ്ട മരങ്ങളുടെയെ ല്ലാം മുകളിലേക്കു നോക്കി; പോക്കു നല്ല മരം കയറ്റക്കാ രനാണെന്ന് എല്ലാവർക്കുമറി യാമല്ലോ.

വഴിയിലുള്ള കുളങ്ങളിലെ ല്ലാം മുങ്ങിത്തപ്പി. ഞങ്ങളുടെ നാട്ടില് അഞ്ചാറ് കുളങ്ങളു ണ്ട്. നീന്തിക്കളിക്കാൻ ആ കു ളങ്ങളിലൊക്കെ പോകാറു ണ്ടായിരുന്നു പോക്കു. വഴിയാ യ വഴികളിലൊക്കെ അരിച്ചു പെറുക്കി. പോക്കുവിന്റെ പൊ ടി പോലും കണ്ടെത്താൻ ക ഴിഞ്ഞില്ല.

എവിടെപ്പോയി ഞങ്ങളു ടെ പോക്കു? ഞങ്ങളുടെ പ്രി യപ്പെട്ട കൂട്ടുകാരനാണല്ലോ അവൻ. അവനെ കാണാതാ യതിൽ ഞങ്ങൾക്കും സങ്കട മായി. കുട്ടികളെല്ലാം കളി ക്കാൻ പോലും മറന്ന് വഴിയ രികിൽ സങ്കടപ്പെട്ടിരിപ്പായി. വഴിയിലൂടെ വരുന്നവരോടും പോകുന്നവരോടുമെല്ലാം അ വർ ചോദിച്ചുകൊണ്ടിരുന്നു: "കണ്ടോ..., കണ്ടോ...., ക ണ്ടോ...., ഞങ്ങളെ പോക്കുവി നെ കണ്ടോ?" പക്ഷേ അന്ന് അവനെ കണ്ടവരാരുമുണ്ടാ യിരുന്നില്ല.

പോക്കുവിന്റെ വീട്ടിലാകെ

നിലവിളിയാണ്. അവന്റെ ഉമ്മയും അനുജന്മാരും അനുജത്തിമാരും മാത്രമല്ല, കുടുംബക്കാരൊക്കെ ഓടിയെത്തിയിട്ടുണ്ട്. അവിടെ ഒരു മരണം നടന്ന പോലെ. ഞങ്ങളുടെ വീട്ടിലും അന്നാരും ഭക്ഷണം കഴിച്ചിരുന്നില്ല. കഴിക്കാൻ തുടങ്ങിയപ്പോഴാണല്ലോ അവന്റെ ഉമ്മ വന്നതും കരഞ്ഞതുമൊക്കെ. പിന്നെ പോക്കുവിനോട് അത്രയും ഇഷ്ടമായിരുന്നത് കൊണ്ട് ഉമ്മയും വല്ലിമ്മയുമൊക്കെ വല്ലാത്ത സങ്കടത്തിലായിരുന്നു.

ഉച്ച കഴിഞ്ഞു, വൈകുന്നേരമായി. മഞ്ഞ വെയിൽ പരന്നു. ആർക്കുമില്ല ഒരു ഉത്സാഹവും. എന്നും വൈകുന്നേരം വയലിൽ കളിക്കാനിറങ്ങാറുള്ളവരാരും അന്നു കളിക്കാനിറങ്ങിയില്ല. തമ്മിൽ കാണുന്നവരൊന്നും ഉറക്കെ സംസാരിക്കുന്നു പോലുമില്ല, കുശുകുശുക്കുന്നേയുള്ളൂ.

പോക്കുവിന്റെ ഉപ്പ മീനുമായി വരാൻ സമയമായി. എങ്ങനെയാണ് ഈ വിവരം അയാളോട് പറയുക?

സൈക്കിളിന് പിന്നിൽ വലിയ മീൻ കൊട്ടയുമായി കുതിച്ചു വന്ന അയാൾ ഒന്നു പരുങ്ങി. പതിവു പോലെ ഒച്ചയിട്ട് സ്വീകരിക്കാൻ ആരും ഓടിവരുന്നില്ല. അയാൾ സൈക്കിളിൽ നിന്നിറങ്ങി ചോദിച്ചു: "എന്തേ പറ്റിയത്? ആരെങ്കിലും മരിച്ചോ?"

അപ്പോൾ ആരോ പറഞ്ഞു:"പോക്കുവിനെ കാണാനില്ല."

അയാൾ ഒന്നു ഞെട്ടി, സൈക്കിളിന്റെ പിടി വിട്ടു. മറ്റുള്ളവർ പിടിക്കുന്നതിന് മുമ്പെ സൈക്കിൾ മറിഞ്ഞു വീണു. ഐലയും മത്തിയും ചെമ്മീനുമൊക്കെ നിലത്ത് ചിതറി. അതൊന്നും നോക്കാതെ അയാൾ ഉറക്കെ ചോദിച്ചു: "ഞമ്മളെ മോൻ പോക്കുവിനെയോ? ന്റെ പടച്ചോനേ.... ഓനെവിടെപ്പോയി?"

ഒന്നും നോക്കാതെ അയാൾ വീട്ടിലേക്കോടി. ആരൊക്കെയോ പിന്നാലെ ചെന്ന് അയാളെ സമാധാനിപ്പിക്കുന്നുണ്ടായിരുന്നു. അയാൾ വീട്ടിലെത്തിയപ്പോൾ പിന്നെ കൂട്ട നിലവിളിയായി.

മഗ്‌രിബ് നിസ്കാരത്തിന്റെ സമയമായി. ഇരുട്ട് വീണു തുടങ്ങി. അപ്പോഴാണ് പടിഞ്ഞാ

റു ഭാഗത്തെ ഇടവഴിയിൽ നിന്ന് വലിയ ഒച്ച കേട്ടത്: “പേടിക്കണ്ട.... പേടിക്കണ്ട... ദാ... ഓനിബടെണ്ട്.” എല്ലാവരും ആ ഒച്ച കേട്ട ഭാഗത്തേക്കോടി.

അവിടെ പറമ്പിൽ ഒരു സ്രാമ്പ്യ ഉണ്ട്. നാലു കാലിൽ ഉയർത്തിവെച്ച തുറന്ന പെട്ടി പോലുള്ള നിസ്കാരപ്പള്ളിയാണത്. അഞ്ചെട്ടാൾക്ക് നിസ്കരിക്കാനുള്ള സ്ഥലമേ അതിനകത്തുള്ളൂ. അടുത്തു തന്നെ ഒരു കുളവുമുണ്ട്. കുളത്തിൽ നിന്നു വുളൂഅ് എടുത്ത് മരത്തിന്റെ ഒറ്റത്തടിയിൽ കൊത്തിയുണ്ടാക്കിയ കോണി കയറണം പള്ളിയിലെത്താൻ. പകലൊന്നും അവിടേക്കാരും നിസ്കരിക്കാൻ പോകാറില്ല. മഗ്‌രിബിനും ഇശാഇനും നാലഞ്ചാളുകളുണ്ടാകും. അവരിലാരോ വിളക്കു കത്തിക്കാൻ ചെന്നപ്പോഴാണ് നേരിയ ഇരുട്ടിൽ അനക്കം കേട്ട് സൂക്ഷിച്ചു നോക്കിയത്.


“നമ്മുടെ പോക്കു അവിടെ തളർന്നു കിടക്കുന്നു.”

അതു കണ്ട പാടെ ആദ്യം അയാൾ വിളിച്ചു പറയുകയായിരുന്നു. ജനങ്ങളൊക്കെ പേടിച്ചരണ്ടു നിൽക്കുകയാണല്ലോ. അവരുടെ പേടി മാറണമല്ലോ. (തുടരും)




ബ്ലബ്ബും ഫ്രണ്ട്സ്
... ബഷീർക്കാന്റെ വീട്ടിലെ ... വിവാഹ നിശ്ചയത്തിന് നെയ്ച്ചോറും കോഴിക്കറീം വെക്കുന്നത്.... ഞങ്ങളാ!!
ങ്ഹേ!
നിങ്ങക്കതിന്... പാചകത്തെക്കുറിച്ച്... വല്ല പിടിയുമുണ്ടോ ഞണ്ടുകളേ?
എടാ... നിങ്ങളെപ്പോലെ ഞങ്ങടെ തലയിൽ കളിമണ്ണല്ലാ... തലച്ചോറാ!!
തലയിൽ "തലച്ചോറുള്ളവർ" ... എല്ലാ കാര്യവും വേഗം പഠിക്കും!!
STOR
സൽക്കാര വീട്ടിലെ പാചകപ്പുര.
എടാ... അരി... പത്ത് കിലോ ഇട്ടു! ...ഇനി... നെയ്യ്... ഉള്ളി...
... കോഴിക്കറിയിലേക്ക് ... ഗരം മസാല... ജീരകപ്പൊടി... മുളകുപൊടി... ഇഞ്ചി... വെളുത്തുള്ളി..... ... എല്ലാമായി!! വാഹ്!!


ഹെടാ... ഒരബദ്ധം പറ്റിയെടാ!!
ഉപ്പ് ഇട്ടത് ...കുറച്ചധികമായി പോയീീീ....
... കുറച്ചല്ലേ!! ... അതൊന്നും സാരമില്ലെടാ!
... എത്ര അധികം ഇട്ടു?
..അരിച്ചാക്കുമായി ...മാറി പോയി!! അഞ്ച് ചാക്ക് ഉപ്പിട്ടു!!
അഞ്ച് ചാക്കോ?!!
പിന്നീട്-
എന്താടാ... ഇത്? ഉപ്പ്ചോറോ??
രണ്ടും കൂടി തിന്ന് തീർക്കെടാ!!
ദേ.. നോക്കെടാ... അവൻമാർക്ക് തലയിൽ മാത്രമല്ല...
... ദേഹത്ത്... മുഴുവനും തലച്ചോറാ!!
HA HA HA HP HAA
H.A.A..




# അല്ലാമാ മുഹമ്മദ് ഇഖ്ബാൽ

**മുജ്തബ സി.ടി**

'**സാരേ** ജഹാൻ സെ അച്ഛാ...' ഈ വരി കൂട്ടുകാർക്കെല്ലാവർക്കും സുപരിചിതമല്ലേ..? നമ്മളെല്ലാം സ്കൂളിൽ നിന്ന് ഒരുപാട് തവണ കേട്ടതും പാടിയതുമായ വരികളാണിത്. ഇന്ത്യയുടെ മതേതരത്വവും സഹവർത്തിത്വവും മനോഹരമായി അവതരിപ്പിക്കുന്ന ഈ വരികളുടെ രചയിതാവിനെക്കുറിച്ച് കൂട്ടുകാർക്കറിയുമോ...

അല്ലാമാ മുഹമ്മദ് ഇഖ്ബാൽ എന്ന വിശ്രുതനായ കവിയാണ് ഈ ഗാനം തയ്യാറാക്കിയിട്ടുള്ളത്.'സാരെ ജഹാൻ സെ' ക്ക് പുറമെ ഒട്ടനവധി കവിതകൾക്ക് ജന്മം നൽകി പ്രശസ്തനായ ഇഖ്ബാലിനെ നമുക്കൊന്ന് പരിചയപ്പെടാം.

**ജനനം, പഠനം**

1877 നവംബർ 9നു സിയാൽകോട്ടിലാണ് ഇഖ്ബാൽ ജനിച്ചത്. ഇന്ത്യാവിഭജനത്തിന് ശേഷം ഈ പ്രദേശം പാകിസ്ഥാനിലാണ് നിലകൊള്ളുന്നത്. മതത്തിനോടുള്ള കുടുംബത്തിന്റെ വലിയ താല്പര്യവും കണിശതയും അദ്ദേഹത്തിന് ചെറുപ്പം മുതലേ ഇസ്ലാമിക

ആശയങ്ങൾ പഠിക്കാൻ അവസരം നൽകി. വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ഘട്ടം മാതാപിതാക്കളിൽ നിന്നു തന്നെയായിരുന്നു. തുടർന്ന് അക്കാലത്ത് പ്രസിദ്ധമായ പല മദ്രസകളിൽ നിന്നും ഉർദു, അറബി, പേർഷ്യൻ തുടങ്ങിയ ഭാഷകളും ഇസ്‌ലാമിക വിജ്ഞാനീയങ്ങളും ഇഖ്ബാൽ കരസ്ഥമാക്കി. ഇതോടൊപ്പം 1893 ൽ ഹൈസ്കൂൾ പഠനവും പൂർത്തിയാക്കി.


അറബിയിലും തത്വശാസ്ത്രത്തിലുമായി ബിരുദവും ബിരുദാനന്തര ബിരുദവും നേടിയ അദ്ദേഹം 1907 ൽ ജർമ്മനിയിലെ മ്യൂണിക് യൂണിവേഴ്സിറ്റിയിൽ നിന്ന് പി.എച്ച്.ഡി കരസ്ഥമാക്കി. ആത്മീയതയുമായി ബന്ധപ്പെട്ടതായിരുന്നു അദ്ദേഹത്തിന്റെ ഗവേഷണവിഷയം.പിന്നീട് 1908ൽ നിയമത്തിലുള്ള 'ബാർ അറ്റ്‌ലോ' ബിരുദം നേടി.

## കവിതാലോകം

കവിതകളോട് ഇഖ്ബാലിനു ചെറുപ്പം മുതലേ താൽപര്യമായിരുന്നു. സ്കൂൾ പഠനകാലത്ത് തന്നെ അദ്ദേഹം കാവ്യരചനകൾ നടത്തുകയും അവതരിപ്പിക്കുകയും ചെയ്തു. ആദ്യകാലത്ത് പഞ്ചാബി ഭാഷയിലെഴുതിയ അദ്ദേഹം പിന്നീട് ഗുരുവിന്റെ നിർദേശപ്രകാരം ഉർദുവിലേക്ക് രചനകൾ മാറ്റുകയാണ് ചെയ്തത്.

ഇഖ്ബാലിന്റെ കവിതകൾ വിവിധ വിഷയങ്ങളാൽ സമ്പന്നമായിരുന്നു. ഉർദുവും പേർഷ്യനും നല്ലപോലെ വശമുള്ള അദ്ദേഹം തന്റെ രചനകളിൽ ഈ കഴിവ് തെളിയിച്ചിരുന്നു. സാമൂഹിക വിഷയങ്ങൾ, ആത്മീയത, പ്രണയം, ദേശസ്നേഹം തുടങ്ങി വിശാലമായ മേഖലകളിൽ അദ്ദേഹം കവിതകൾ രചിച്ചു. ബാൽ ഇ ജിബ്രീൽ, പയഗാംമെ മശ്‌രിക്, സബൂർ എ അജം, ജാവേദ് നാമ, തജ്ദീദേ ഫിക്രിയാതി ഇസ്‌ലാം എന്നിവ അദ്ദേഹത്തിന്റെ പ്രധാന രചനകളാണ്.






**ഗാന്ധിജിയും ഇഖ്ബാലും**

കേവലം ഒരു കവി എന്നതിലപ്പുറം മികച്ച രാഷ്ട്രീയ പ്രവർത്തകനും വാഗ്മിയുമായിരുന്നു അദ്ദേഹം. സ്വാതന്ത്ര്യസമരകാലത്ത് ഇന്ത്യൻ രാഷ്ട്രീയ വേദികളിൽ അദ്ദേഹം സജീവസാന്നിധ്യമായി മാറി. ബ്രിട്ടീഷുകാരുടെ ദുർഭരണം അവസാനിപ്പിക്കാനും രാജ്യത്തെ സ്വാതന്ത്രത്തിലേക്കു നയിക്കാനും സജീവമായി പ്രവർത്തിച്ച ഗാന്ധിജി അടക്കമുള്ള ഉന്നതനേതാക്കളോട് അദ്ദേഹം അടുത്ത ബന്ധം പുലർത്തിയിരുന്നു.

ഇഖ്ബാലിന്റെ രാജ്യസ്നേഹം നിറഞ്ഞ കവിതകളെക്കുറിച്ച് ഗാന്ധിജി പലപ്പോഴും പറഞ്ഞിട്ടുണ്ട്.

**നബിസ്നേഹിയായ ഇഖ്ബാൽ**

മുത്ത് നബിയോടുള്ള അടങ്ങാത്ത പ്രണയവും ആഗ്രഹവും പ്രകടമാക്കുന്ന ഒട്ടനവധി മനോഹരമായ കവിതകളും നഅതുകളും ഗസലുകളും ഇഖ്ബാൽ രചിച്ചിട്ടുണ്ട്.

റസൂലിന്റെയും അവിടുത്തെ അനുയായികളുടെയും വിശേഷണങ്ങളും മദീനയുടെ വർണ്ണനയും മനോഹരമായി അവതരിപ്പിച്ച അദ്ദേഹത്തിന്റെ രചനകൾ പ്രശസ്തമാണ്. തിരുനബിയെക്കുറിച്ച് പറയുമ്പോഴും കേൾക്കുമ്പോഴുമെല്ലാം വികാരനിർഭരനായി അദ്ദേഹം കരയാറുണ്ടായിരുന്നുവത്രെ.

തിരുനബിയോടും സൂഫിസത്തോടുമുള്ള ഇഖ്ബാലിന്റെ ആദരവും സ്നേഹവും ശ്രദ്ധേയമാണ്. 1938 ഏപ്രിൽ 21ന് അദ്ദേഹം മരണപ്പെട്ടു.അദ്ദേഹത്തിന്റെ ജനാസ നിസ്കാരത്തിൽ നാല്പതിനായിരത്തോളം പേർ പങ്കെടുത്തിരുന്നുവത്രെ. ലാഹോറിലെ ശാഹി മസ്ജിദിനു സമീപമാണ് മയ്യിത്ത് ഖബറടക്കിയത്.

# വിജയമുറപ്പ്!

നജ്ദുകാരനായ ഒരാൾ തിരുനബി(സ)യുടെ സന്നിധിയിൽ വന്നു. ദൂരെ നിന്ന് അയാൾ എന്തോ ഉറക്കെ പറയുന്നുണ്ട്, വ്യക്തമാകുന്നില്ല. അടുത്തെത്തിയപ്പോൾ അപരിചിതനാണ്. പാറിപ്പറന്ന തലമുടി. ഇസ്ലാമിനെക്കുറിച്ച് അദ്ദേഹം ചോദിച്ചറിയുകയാണെന്ന് മനസ്സിലായി.

തിരുനബി(സ) അദ്ദേഹത്തിന് ഓരോന്നായി വിവരിച്ചു കൊടുത്തു: "ഓരോ ദിവസവും അഞ്ചു നേരം നിസ്കരിക്കണം."

"വേറെ നിസ്കാരങ്ങൾ വല്ലതുമുണ്ടോ?" അയാൾ ചോദിച്ചു.

തിരുനബി(സ) മറുപടി നൽകി: "ഇല്ല, കൂടുതൽ ചെയ്താൽ നിങ്ങൾക്ക് പുണ്യമുണ്ട്."

പിന്നീട് റമളാൻ നോമ്പിനെക്കുറിച്ച് തിരുനബി(സ) അയാളെ പഠിപ്പിച്ചു. "വേറെ നിർബന്ധമായ നോമ്പുകൾ വല്ലതുമുണ്ടോ?" അയാൾ ചോദിച്ചു.

തിരുനബി(സ) മറുപടി നൽകി: "ഇല്ല, കൂടുതൽ ചെയ്താൽ നിങ്ങൾക്ക് പുണ്യമുണ്ട്."

സകാത്തിനെ സംബന്ധിച്ചും നബി(സ) അയാളോട് പറഞ്ഞു. "നിർബന്ധ ദാനങ്ങൾ വേറെ വല്ലതുമുണ്ടോ?" അയാൾ ചോദിച്ചു.

തിരുനബി(സ) മറുപടി നൽകി: "ഇല്ല, കൂടുതൽ ചെയ്താൽ നിങ്ങൾക്ക് പുണ്യമുണ്ട്."

എല്ലാം പഠിച്ചു കഴിഞ്ഞപ്പോൾ അയാൾ തിരിച്ചുപോയി. "ഇതിൽ ഞാൻ വർധിപ്പിക്കുകയുമില്ല, കുറക്കുകയുമില്ല!" പോകുമ്പോൾ അയാൾ പറയുന്നുണ്ടായിരുന്നു.

തിരുനബി(സ) പറഞ്ഞു: "സത്യമാണയാൾ പറഞ്ഞതെങ്കിൽ അയാൾക്കു വിജയിക്കാൻ അതുമതി."

ഇ. എം. എ

# കുഞ്ഞനെലിയുടെ മത്തങ്ങ വീട്

**ചാരു**

**നീ**ലമലക്കുന്നിന്റെ ചരുവിലൊരു മാളത്തിലാണ് കുഞ്ഞനെലിയും വീട്ടുകാരും താമസിക്കുന്നത്. എലിയാണെങ്കിലും കുഞ്ഞനും വീട്ടുകാരും വെറും പാവങ്ങളാണ്. കുഞ്ഞന് മക്കൾ മൂന്നാണ്..

എല്ലാ എലികളെയും പോലെ കണ്ണിൽ കണ്ടതൊന്നും അവർ കരണ്ടു നശിപ്പിക്കാറില്ല..

ഒറ്റപ്പെട്ടു നിൽക്കുന്ന കിഴങ്ങുകളോ വല്ല വിത്തുകളോ മാത്രമായിരിക്കും അവരുടെ ഭക്ഷണം..

നീല മലയുടെ ചരുവിൽ കുറെ പച്ചക്കറികളുണ്ട്.

കുഞ്ഞൻ അവയ്ക്ക് എന്നും വെള്ളമൊഴിക്കും, കീടങ്ങളെ എടുത്തു ദൂരെ കളയും. സ്വന്തം മക്കളെപ്പോലെ കുഞ്ഞൻ ആ പച്ചക്കറികളെ പരിപാലിക്കും..

അത് കൊണ്ട് തന്നെ പച്ചക്കറികൾക്കും കുഞ്ഞനെ വലിയ ഇഷ്ടമാണ്.

അവ കായ്ച്ചു തുടങ്ങുമ്പോൾ തന്നെ കുഞ്ഞനോട് പറയും: “നിനക്കും കുടുംബത്തിനും ആവശ്യമായത് എടുത്തോ, ബാക്കിയുള്ളത് കൊണ്ടുപോയി ചന്തയിൽ വിൽക്കണം, എന്നിട്ട് നീയും കുടുംബവും സുഖമായി ജീവിക്കണം...”

കുഞ്ഞൻ തല കുലുക്കി സമ്മതിക്കും.

അങ്ങനെ പച്ചക്കറികളുടെ സഹായത്തോടു കൂടിയാണ് കുഞ്ഞനെലി ജീവിച്ചിരുന്നത്.

പയറും പാവലും പടവലവുമെല്ലാം കുഞ്ഞനോട് കാണിക്കുന്ന സ്നേഹം കാണുമ്പോൾ അസൂയപ്പെടുന്ന ഒരാളവിടെ ഉണ്ടായിരുന്നു,

കരിമ്പൻ തുരപ്പൻ!

പേര് പോലെ തന്നെ കറുത്തിരുണ്ട കൊഴുത്ത ശരീരമുള്ള കരിമ്പനെ കാണുന്നത് തന്നെ കുഞ്ഞനും കൂട്ടർക്കും പേടിയാണ്.

അവർ കരിമ്പന്റെ നിഴൽ

കാണുമ്പോഴേക്കും തങ്ങളുടെ മാളത്തിൽ കയറി ഒളിക്കും..

കരിമ്പൻ ചെന്നു ചോദിച്ചാൽ പച്ചക്കറികൾ അവനൊന്നും കൊടുക്കാറില്ല..

അവനെ ആ തോട്ടത്തിലേക്കു കടക്കാൻ എരിവുള്ള മുളക് കൂട്ടങ്ങൾ സമ്മതിക്കാറുമില്ല. ഒരിക്കൽ കരിമ്പനൊന്നു തോട്ടത്തിൽ കടക്കാൻ ശ്രമിച്ചതാണ്.

അന്ന് പഴുത്ത മുളകുകൾ കരിമ്പന്റെ കണ്ണിലേക്കു തങ്ങളുടെ മുളകുചാർ പിഴിഞ്ഞൊഴിച്ചു. അന്ന് കരിമ്പൻ തന്റെ ജീവനും കൊണ്ടോടിയതാണ്...

കരിമ്പനോട് പച്ചക്കറികൾക്കു ദേഷ്യം തോന്നാനൊരു കാരണമുണ്ട്:

പച്ചക്കറി തിന്നാൻ വന്നൊരു മുയൽകുഞ്ഞിനെ കരിമ്പൻ തല്ലിയോടിച്ചു. ആ പാവം ഓടി വീണതൊരു പൊട്ടക്കിണറ്റിലും... പാവം അവിടെ കിടന്നു ചത്തു...

അന്ന് മുതൽ കരിമ്പനോട് പച്ചക്കറികൾക്ക് ദേഷ്യം തുടങ്ങി...

ഇപ്പോൾ കരിമ്പന്റെ ദേഷ്യം മുഴുവൻ കുഞ്ഞനോടാണ്.

തനിക്കില്ലാത്തതു കുഞ്ഞനും വേണ്ടാ എന്നാണ് കരിമ്പന്റെ വാദം.

പതിവു പോലെ പച്ചക്കറികൾ നനയ്ക്കാനും കീടങ്ങളെ നോക്കാനും കുഞ്ഞൻ പുറപ്പെട്ടു. തിരിച്ചു വീട്ടിലെത്തിയപ്പോൾ കണ്ട കാഴ്ച ഞെട്ടിക്കുന്നതായിരുന്നു. തന്റെ മാളം തല്ലിത്തകർത്തിട്ടിരിക്കുന്നു,

എലിയമ്മയും കുഞ്ഞുങ്ങളും കരിമ്പന്റെ കടി കൊണ്ട് കരയുകയാണ്.



ഇനി എന്ത് ചെയ്യും? ഒരു മാളം എങ്ങനെ പെട്ടന്ന് ഉണ്ടാക്കും? സങ്കടപ്പെട്ടിരിക്കുന്ന കുഞ്ഞന്റെ അടുത്തേക്ക് ഒരു വലിയ മത്തങ്ങ ഉരുണ്ടുരുണ്ട് എത്തി.

ആ മത്തങ്ങ കുഞ്ഞനെ തൊട്ട് പറഞ്ഞു: "കുഞ്ഞാ, മാളം പോയതോർത്തു നീ വിഷമിക്കേണ്ട... നീയും വീട്ടുകാരും എന്റെ ഉള്ളിൽ താമസിച്ചോളൂ.."

"ഇനി നിങ്ങൾ എവിടെയും പോകേണ്ട, ഞങ്ങളാരും നിന്നെ എവിടെയും വിടുകയുമില്ല." മത്തങ്ങയുടെ പിന്നിലായെത്തിയ പച്ചക്കറിക്കൂട്ടങ്ങൾ ഒറ്റ സ്വരത്തിൽ കുഞ്ഞനോട് പറഞ്ഞു.

അവരുടെ സ്നേഹത്തിൽ കുഞ്ഞനെലി മത്തങ്ങയുടെ ഉള്ളിൽ താമസിക്കാമെന്നു തീരുമാനിച്ചു..

മത്തങ്ങ അവർക്ക് തന്റെ പതു പതുപ്പുള്ള നാരുകൾ കിടക്കയായി നൽകി.

തന്റെ ഉള്ളിലെ വിത്തുകൾ അവർക്ക് ഭക്ഷണമായും നൽകി..

മത്തങ്ങാവീടിനുള്ളിൽ സുഖമായി കഴിയുമ്പോഴാണ് കുഞ്ഞൻ പുറത്ത് പച്ചക്കറികളുടെ കരച്ചിൽ കേട്ടത്. അവൻ വേഗം പുറത്തിറങ്ങി.

അപ്പോൾ കണ്ട കാഴ്ച അവനെ ഞെട്ടിച്ചു.

നല്ലത് പോലെ നിവർന്നു നിന്നിരുന്ന പച്ചക്കറിച്ചെടികളെല്ലാം ആരോ ഉഴുതു മറിച്ചിട്ടത് പോലെ വീണ് കിടക്കുന്നു. ചിലതിനു കിഴങ്ങുകളില്ല, ചിലതിനു തണ്ടുകളില്ല, ചിലതിനു തലപ്പുകളുമില്ല.

'ഇതാരാ ഇങ്ങനെ ചെയ്തത്'എന്ന കുഞ്ഞന്റെ ചോദ്യത്തിന് തണ്ടൊടിഞ്ഞു കിടന്നിരുന്ന വഴുതനങ്ങക്കുട്ടൻ ഏങ്ങിക്കരഞ്ഞു കൊണ്ട് പറഞ്ഞു: "അതാ കരിമ്പൻ തുരപ്പൻ ചെയ്ത പണിയാണിത്."

"അയ്യോ" എന്നും പറഞ്ഞു കുഞ്ഞൻ ഒരു ചാട്ടം കൊടുത്തു.

"എരിയൻ മുളക് ഇല്ലായിരുന്നോ അവൻ വന്നപ്പോൾ?" ഇതും ചോദിച്ചു കുഞ്ഞൻ മുളക് കൂട്ടങ്ങൾക്കടുത്തേക്ക് പോയി.

അവനെ കണ്ടു തല താഴ്ത്തി മുളകുകൾ പറഞ്ഞു: "ഞങ്ങളിൽ ഒരു മുളകുപോലും പഴുത്തില്ല. പഴുക്കാതെ പെട്ടെന്ന് മുറിയാനും ഞങ്ങൾക്ക് കഴിയില്ല."

തല കുനിച്ചു നിൽക്കുന്ന അവരെ കണ്ടു കുഞ്ഞൻ മത്തങ്ങാ വീട്ടിലേക്കു നടന്നു.

രാത്രി മുഴുവൻ കുഞ്ഞൻ ആലോചനയിലായിരുന്നു.

അതിരാവിലെ എഴുന്നേറ്റ് അവൻ മുയൽക്കുഞ്ഞ് വീണ് ചത്ത പൊട്ടക്കിണറിനടുത്തേക്കു പോയി.

അതൊരു കുഞ്ഞുകിണറായിരുന്നു.

അവൻ ആ കിണറിനു ചുറ്റും കുറെ പച്ചക്കറിത്തൈകൾ നട്ടു.

കിണറിനു മുകളിലായി ഒടിഞ്ഞതും മുറിഞ്ഞതും വാടിയതുമായ പച്ചക്കറിത്തണ്ടുകൾ കൊണ്ട് വച്ചു.

അവിടെ ഒരു കിണർ ഉണ്ടായിരുന്നു എന്ന് ഒറ്റ നോട്ടത്തിൽ ആർക്കും മനസ്സിലാകാത്തരൂപത്തിലാക്കി. എന്നിട്ട് കരിമ്പന്റെ മാളം ലക്ഷ്യമാക്കി ഓടി.

മാളത്തിന് മുന്നിൽ ചെന്നു നിന്ന് കുഞ്ഞൻ കരിമ്പനെ വെല്ലുവിളിച്ചു...

'തന്നെ ഒരു മല്ലയുദ്ധത്തിൽ തോൽപ്പിച്ചാൽ ആ പച്ചക്കറിക്കൂട്ടങ്ങൾ മുഴുവൻ കരിമ്പനുള്ളതാണ്' എന്നായിരുന്നു കുഞ്ഞന്റെ വെല്ലുവിളി...

ആ വെല്ലുവിളി ഏറ്റെടുത്ത് കരിമ്പൻ അപ്പോൾ തന്നെ കുഞ്ഞൻ പറഞ്ഞ സ്ഥലത്തേക്ക് പുറപ്പെട്ടു.

കുഞ്ഞൻ വേഗം പോയി പച്ചക്കറികൾ കൊണ്ടു മൂടിയിട്ട പൊട്ടക്കിണറിന്റെ ഒരു വശത്തു നിന്ന് കരിമ്പനെ വീണ്ടും വെല്ലുവിളിച്ചു... കുഞ്ഞന്റെ വെല്ലുവിളി കേട്ടു ദേഷ്യം വന്ന കരിമ്പൻ കുഞ്ഞനെ കടിച്ചു കുടയാൻ ഭാവത്തിൽ ഒറ്റച്ചാട്ടം. ധിം! ദേ കിടക്കുന്നു പൊട്ടകിണറ്റിൽ കരിമ്പൻ തുരപ്പൻ!

പൊട്ടക്കിണറ്റിൽ കിടന്നു കരയുന്ന കരിമ്പനെ ഒന്ന് നോക്കി ഒരു മൂളിപ്പാട്ടും പാടി കുഞ്ഞൻ മത്തങ്ങാവീടിനുള്ളിലേക്ക് കയറി.


എന്നിട്ട് തന്റെ ഭാര്യയെയും മക്കളെയും വിളിച്ചു പറഞ്ഞു: നമ്മുടെ ശത്രുവിന്റെ കഥ കഴിഞ്ഞു. ഇനി നമുക്ക് മത്തങ്ങാവീട് ഒഴിഞ്ഞു കൊടുക്കാം. ഇനി സ്വന്തമായി അധ്വാനിച്ചു കഴിയാം..

എലിക്കുട്ടന്മാരും എലിയമ്മയും കയ്യടിച്ചു കുഞ്ഞനെലിയോട് തങ്ങളുടെ സമ്മതം അറിയിച്ചു.

# റമളാൻ ക്വിസ്

അബൂലിയാന

1. റമളാൻ എന്ന പദത്തിന്റെ അർത്ഥം എന്ത് ?
2. ഖുർആൻ അവതരിച്ച മാസം ഏത് ?
3. ബദ്ർദിനം എന്നാണ് ?
4. ഖുർആനിൽ എത്ര ബിസ്മി എഴുതപ്പെട്ടിട്ടുണ്ട് ?
5. നോമ്പുകാരൻ ഉച്ചക്ക് ശേഷം ബ്രഷ് ചെയ്യുന്നതിന്റെ വിധി എന്ത് ?
6. റമളാനിൽ പ്രത്യേകം സുന്നത്തുള്ള നിസ്കാരം ?
7. ഖുർആൻ എന്ന പദത്തിനർത്ഥം എന്ത് ?
8. ലൈലതുൽ ഖദ്റിന് ............................ ക്കാൾ പുണ്യമുണ്ട്.
9. എല്ലാ ആയത്തിലും അല്ലാഹു എന്ന പദമുള്ള സൂറത്ത് ഏത് ?
10. തറാവീഹ് നിസ്കാരം എത്ര റക്അത്താണ്?
11. റമളാൻ അവസാനിക്കുന്നതോടെ നിർബന്ധമാകുന്ന ധാനം ഏത്?



12. ഖുർആൻ അവതരിച്ച രാത്രിയുടെ പേര്?
13. പെരുന്നാൾ ദിവസം നോമ്പനുഷ്ഠിക്കുന്നതിന്റെ വിധി എന്ത്?
14. പാപമോചനത്തിന്റെ പത്ത് ഏതാണ്?
15. നോമ്പുകാരന് ലഭിക്കുന്ന ഏറ്റവും വലിയ സന്തോഷം?
16. ഖുർആൻ ഗ്രന്ഥരൂപത്തിൽ ക്രോഡീകരിച്ച ഖലീഫ് ആര്?
17. ഖുർആനിലെ ഏറ്റവും വലിയ ആയതിന്റെ പേരെന്ത്?
18. തിലാവതിന്റെ സുജൂദ് സുന്നത്തുള്ള എത്ര ആയത്തുകളുണ്ട്?
19. ഖുർആനിന്റെ മൂന്നിലൊന്ന് എന്ന് വിശേഷിപ്പിക്കപ്പെട്ട സൂറത്ത്?
20. ആദ്യമായി അവതരിച്ച ആയത്ത് ഏത് സൂറത്തിലാണ്?



**ഉത്തരങ്ങൾ**

1. കരിച്ചു കളയുന്നത്, 2. റമളാൻ, 3. റമളാൻ 17, 4. 114, 5. കറാഹത്ത്, 6. തറാവീഹ്, 7. വായിക്കപ്പെടുന്നത്, 8. 1000 മാസത്തേക്കാൾ, 9. മുജാദല, 10. 20, 11. ഫിത്റ് സകാത്ത്, 12. ലൈലതുൽ ഖദ്ർ, 13. ഹറാം, 14. രണ്ടാമത്തെ പത്ത്, 15. അല്ലാഹുവിനെ കാണൽ, 16. അബൂബക്കർ സിദ്ദീഖ്(റ), 17. ആയതുൽ കുർസിയ്യ്, 18. 15, 19. സൂറതുൽ ഇഖ്ലാസ്, 20. സൂറതുൽ അലഖ്




# VOCASCAPE

**Dr Abdul Latheef V**

*Adjectives*, in English grammar, are words that add to the meaning of a *Noun*. There are many ways of making adjectives from Nouns. One such way is by adding *'al'* With the help of a dictionary, find the *Adjectives* of the given N*ouns* and complete the **column B**.

| Column A | Column B |
|---|---|
| 1.economics | a)...................................... |
| 2.education | b)...................................... |
| 3.nation | c)...................................... |
| 4.medicine | d)...................................... |
| 5.logic | e)...................................... |
| 6.memory | f)...................................... |

# Curious & Catchy Words

## Milk tooth

Have you noticed something attractive about children's teeth? Generally, the first set of teeth babies develop is very small and orderly. Have you ever thought that such a set of teeth has a specific word in the English dictionary? The word to refer to *any of the first set of teeth in young children that drop out and are replaced by others is* ***Milk tooth***


- *My sister had her milk tooth later than others .*
- *Milk tooth gets replaced as children grow.*

## Chocoholic

Do you have the habit of eating chocolates? Do you like to eat a lot of chocolates? Do you have friends who are very much fond of all kinds of sugary and creamy chocolates? The English dictionary has an interesting word to speak about such people. The word to refer *a person who likes chocolate very much and eats a lot of it is* **Chocoholic**

- *My sister is a chocoholic*
- *Children are generally chocoholic.*


Master Imitable
Hi dear, It's already 8 O'clock!
Any special plan for the day?
My father gave me ten rupees.
We are going to buy some chocolates from the shop.
What's the money for
Yesterday, we did some jobs in his house. I too got 10 rupees
Yah, we helped to fill the sacks with coconut shells.
Hi boys! Take care of vehicles.
Surely, we will mom.



What shall we buy?
well, I haven't made up my mind.
I'll buy two chocolates of Rs. 5 each.
I'll go for wafers, a 10 rupee pack.
What are your choices?
Two chocolates for me and a wafer pack for him.
Here you are.
Thanks. Please take the money
Shall we walk around the street for some time?
I'm afraid there could be a lot vehicles now.
Dear brother, let's spend a few minutes here.
Well. agreed.
Continue

**STORY LINE**

# Food for Three but Eaten by A Thousand

At the time of digging the trench *(Khandaq),* the Companions didn't have enough food to eat. Most of them were straining every nerve to fight hunger. Their pangs of hunger were so much that they couldn't even stand straight and dig the trench. Then, some of them tied a stone on their stomach to keep them upright.

One of the Companions thought of complaining about this to the Prophet (SA). When they approached the Prophet (SA) and showed the stone on their stomach, the Prophet (SA) lifted his shirt and showed the state of his stomach. They couldn't believe their eyes because the Prophet (SA) had two stones fastened on his stomach to help him stand upright and combat bending cries of hunger. The Companions couldn't control their emotions and started weeping.

Understanding the extent of hunger that the Prophet (SA) was in, Jabir (r) hurried to his home and asked his wife.

"Dear, do we have anything here which can quench a little of the Prophet's hunger?"

He narrated the whole story to his wife. She said "I have provision to cook only a small meal which will suffice the burning stomach of the Prophet (SA) and three or four others"



Jabir (r) then told her “if we can relieve the Prophet's (SA) hunger even in a small degree, that could be a matchless virtue. Let's not miss the chance of feeding the hungriest people, though their number can be countered on fingers”.

After sometime, when the food was ready, Jabir (RA) went to the Prophet and whispered in his ear that his wife had prepared some dish for him and a few others.

“The Messenger of Allah, I don't want to make a public announcement because the quantity is too less to satisfy everybody's needs”.

Instead of grabbing the chance and stealing away from the group to quell his pangs of hunger, the Prophet (SA) thought about his Companions who were equally starving. Thinking a while, the Prophet (SA) made a public announcement that there was food for all at the house of Jabir (r). Jabir (r) was thunderstruck because there were around 1000 Companions.

As soon as they reached the house, the Prophet asked Jabir (r) to bring the pot in which the food was kept. He chanted something and blew to it before dishing out. All the companions ate till their stomach was full. Miraculously enough, there was still food left in the pot!!



## WORD HUNT

The habit of readings stories in English can help you improve your skills in many ways. As children, it is very important to develop the habit of reading. If the stories are about respectable people and imitable deeds, they teach you values and moral lessons. As you read on, learn to pay attention to new words and try to guess their meanings from the context.

**Substitute the following words with *a single word* from the story**

| Words | One Word |
|---|---|
| A strong desire for food | |
| Go near someone to say something | |
| Move in haste | |
| A good deed | |
| Say something aloud | |
| Say something in a low voice | |

## GO IDIOMATIC

*Idioms are a group of words whose meaning is different from the meanings of the individual words*. Using idioms in your English will add colour and grace to your language.

**Trace the idioms/phrase from the story for the following words.**

1. *To be very surprised at something you see:*

   ..........................................................................

2. *To try as hard as you can to do something:*

   ..........................................................................




പ്രിയ കുസുമത്തിന്,


നിന്നെ എനിക്ക് വളരെ ഇഷ്ടമാണ്. ആദ്യമൊക്കെ ഞാൻ നിന്നെ വായിക്കാറില്ലായിരുന്നു. ഒരിക്കൽ കൂട്ടുകാരിയുടെ കൈയ്യിൽ കണ്ടപ്പോൾ വെറുതെ വായിച്ചു നോക്കി. അന്നു മുതൽ എനിക്ക് നിന്നെ പിടിച്ചു. സി.ഐ.ഡിയും മണ്ടപ്പൻസുമാണ് എനിക്ക് ഏറ്റവും ഇഷ്ട കഥാപാത്രങ്ങൾ. സഫറിന്റെ നിർദേശങ്ങൾ ഉൾക്കൊള്ളാറുണ്ട്. ഇനിയും ഏറെ പുതുമകളോടെ നിന്നെ കാത്തിരിക്കുന്നു....

**ലുബാബ തസ്നീം. എം**
**ക്ലാസ് 4, ജി.എൽ.പി എസ്**
**വലമ്പൂർ**



പ്രിയപ്പെട്ട കുസുമം,

കോവിഡ് കാലം വന്നതിൽ പിന്നെ വലിയ ദുഃഖത്തിലായിരുന്നു. സ്കൂളും മദ്റസയുമൊന്നുമില്ലാത്തതു കൊണ്ട് കൂട്ടുകൂടാൻ കൂട്ടുകാരോ കുസുമമോ ഇല്ലായിരുന്നു. കുറേ കാലത്തിനു ശേഷം കുസുമത്തെ കണ്ടപ്പോൾ ആളാകെ മാറിപ്പോയി. കുറെ ചിത്രകഥകളും പല പംക്തികളും പുതിയതായി കണ്ടു. വലിയ സന്തോഷം. സഫറിനും മണ്ടപ്പനും വാലപ്പനും മാറ്റമൊന്നുമില്ല. സുകൃതിക്കുട്ടൻമാർ



എന്ന നോവൽ പഴയ കാലത്തെ കഥയാണ്. ഇംഗ്ലീഷ് പംക്തി കൂടുതൽ ഉപകാരപ്രദമായി. ക്വിസ് മത്സരങ്ങൾ നടത്തിയാൽ വലിയ ഉപകാരമായിരിക്കും. ഇനിയും ഒരുപാട് പംക്തികളുമായി ഇനിയും നീ വരുമെന്ന പ്രതീക്ഷയോടെ,

**ശിബിലി എ.സി**
**നൂറുസ്സലാം മദ്റസ**
**ഉങ്ങുങ്ങൽ**



മുഹമ്മദ് സഅദ്. ഇ, ക്ലാസ്-6
മിശ്കാത്തുൽ ഉലൂം മദ്റസ
ആണിത്തറ



ഫാത്തിമ സൽവ കെ, ക്ലാസ് - 3
താജുൽ ഹുദാ സെക്കണ്ടറി മദ്റസ , നീറാട്



ലുലു ഫാത്തിമ. കെ
റൗളത്തുൽ ഉലൂം സ്രാമ്പിക്കൽ
പരപ്പൻപൊയിൽ



ആയിശ ഹിശാന എസ്
മമ്പഉൽ ഉലൂം സുന്നി മദ്റസ, ആട്ടീരിപ്പാറ





നിദ ഫാത്തിമ, ക്ലാസ് - 5
മുഹിമ്മാത്തുദ്ദീൻ മദ്റസ
പള്ളിപ്പടി



മുഹമ്മദ് ആദിൽ ജലാൽ കെ
ദാറുസ്സലാം മദ്റസ, മുനമ്പത്ത്



അബ്ദുൽ ഖാദർ പി.എ, ക്ലാസ് - 6
ഹിദായത്തു സ്വിബ്യാൻ മദ്റസ



ഫാത്തിമ ജുമാന
ഹസനിയ്യ മദ്റസ, ഐക്കരപ്പടി





ഫാത്തിമ റന, ക്ലാസ് - 6.എ
അൽഇർശാദ് സ്കൂൾ തൃപ്പനച്ചി



മുഹമ്മദ് അദീൻ
നൂറുൽ മദ്റസ, ഉമ്മളത്തൂർ



മിൻഹ ഫാത്തിമ. പി
സുബുലുൽ ഹുദാ മദ്റസ
കാരാമൂല



ഹന്ന ഹുസൈൻ, ക്ലാസ് - 7
അൻസാറുൽ ഇസ് ലാം മദ്റസ
കോട്ടായിത്താഴം, പെരുമണ്ണ

***ചിത്രങ്ങൾ തപാൽവഴി മാത്രം അയക്കുക***




PRINTED AND PUBLISHED BY **P. KUNHAMMED KLARI** SAMASTHA ISLAMIC CENTRE, CALICUT - 673 006, PRINTED AT : GEETHANJALI OFFSET PRESS, CALICUT. HONORARY CHIEF EDITOR : **MUHAMMED PARANNUR**